

സെപ്റ്റംബർ 2011

# സുവിശേഷനാദം

**ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു...**

സങ്കീ. 24:1

Vol. 31 Suvisesha Nadam No. 9

VOL. 31 ISSUE : 9 SEPTEMBER 2011

# SUVISESHANADAM

PUBLISHED BY GOSPEL VOICE PUBLISHERS

## ഉള്ളടക്കം

പേജ്


1. സ്റ്റേറ്റ് ഓവർസീയറുടെ കത്ത് 1
2. ചരിത്രം പഠിച്ചാൽ പോരാ.... 4
3. വിശേഷദിവസങ്ങൾ, ആഘോഷങ്ങൾ.... 7
4. നാശത്തിനു മുമ്പെ നിഗളം..... 9
5. മണവാളൻ (കവിത) 11
6. ചിലർ ചെയ്യുന്നതുപോലെ....... 12
7. പരീക്ഷയും വിജയവും...... 13
8. കത്തൃസന്നിധിയിൽ............ 15
9. സഭാവാർത്തകൾ 17
10. ചാരിറ്റി ഹോം ബോക്സ് കളക്ഷൻ 20


### വിശ്വാസ പ്രമാണം

1.വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും 3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽനിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നതിലും, സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും; 4. മനുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സിലാത്തവരായി തീർന്നു എന്നും, എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും, പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും; 5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും; 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസംമൂലവും ദൈവവചനംമൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും; 7. വിശുദ്ധി എന്നത് ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ജീവിത പ്രമാണമാകുന്നു എന്നുള്ളതിലും; 8. ഹൃദയ നിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും; 9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നൽകുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും, അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭ ലക്ഷണമാണെന്നുള്ളതിലും; 10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും; 11. യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ എല്ലാ മനുഷ്യർക്കും ദൈവിക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും; 12.കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും; 13. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചും, ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും, മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനുംവേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും; 14. ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു.


**FOREIGN REPRESENTATIVES**

**USA**

N.Y. Abraham P. Abraham Ph: 718-343-7462
N.Y. Koshy M. Varghese Ph: 845-2678-373
N.Y. Prasad Mathew Ph: 585-467-4190
T.N. A.V. Daniel Ph: 423-899-3995
N.J. P. V. Mathew. Ph: 212-684-3450
Chicago: Pr. Mathai Samkutty Ph: 847-329-7625
Chicago: Solomon Varghese Ph: 847-816-0644
Dallas: A.V. Philipose. Ph: 972-289-7847
Dallas: Thomas George Ph: 972-463-6469
Pr. Johnson Zacharia Ph: 972-276-1158
Houston: Pr. Abraham Thomas Ph: 281-998-9292
Tulsa: Pr. C. V. Zachariah Ph: 918-357-1293
OK A. V. Abraham. Ph: 405-789-2773

**GULF**

Kuwait: C. Thomas Mathew Ph: 00965-3923698
Mathew Daniel Ph: 00965-4318417. M. 9584150
Samkutty Samuel Ph: 00965-4805675. M. 9027606
Dubai: Varghese George Ph: 009714-3370393
Oman: M. K. Thomas Ph: 050-6730586, 655134
Muscat : M.P. Monikutty Ph: 00968-99448408

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഇൻഡ്യയിൽ | 70 രൂപ |
| വിദേശത്തേക്ക് | |
| ഗൾഫ് മേഖല | 1000 രൂപ |
| U.S.A.യും മറ്റ് രാജ്യങ്ങളും | U.S.$ 25 |
| ആയുഷ്ക്കാല വരിസംഖ്യ | |
| ഇൻഡ്യയിൽ | 1000 രൂപ |
| വിദേശത്തേക്ക് | U.S.$ 250 |

*Chief Editor*: **Evg. P. I. Abraham**
*Publisher*: **Pr. K. A. Oommen**
*General Co-ordinator*: **Rev. C.C.Thomas**
*Manager*: **Bro. T. Yohannan**

ലേഖനങ്ങൾ, വാർത്തകൾ, പുതിയ വരിക്കാരുടെ അഡ്രസ്സ്, അഡ്രസ്സ് മാറ്റം, വരിസംഖ്യ, സംഭാവന എന്നിവ അയയ്ക്കേണ്ട വിലാസം :
**മാനേജർ, സുവിശേഷ നാദം,**
**മുളക്കുഴ പി. ഒ. – 689 505, കേരളാ സ്റ്റേറ്റ്**


ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കു മാത്രമുള്ളതാണ്.



# ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല (വെളി. 3:17).

ഇന്നത്തെ വേർപ്പെട്ട സഭകളെക്കുറിച്ചുള്ള ഒരു വിലയിരുത്തലാണ് വെളിപ്പാടു പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഏഴാമത്തെ സഭയായ ലവോദിക്യാ സഭയെക്കുറിച്ചുള്ള പഠനം. അന്ത്യകാല സഭയ്ക്ക് തുല്യമാണ് ലവോദീക്യ സഭ. ഇന്നത്തെ പെന്തെക്കോസ്തു സഭകളോടു ഉപമിക്കാവുന്ന സഭ. ‘ലവോദീക്യാ’ എന്ന പദത്തിന് ‘നീതീകരിക്കപ്പെട്ട ജാതി’ എന്നാണ് അർത്ഥം. വെളിപ്പാടു പുസ്തകത്തിൽ പറയുന്ന ഏഴു സഭകളിൽ ലവോദിക്യ സഭയാണ് അപ്പോസ്തോലിക ഉപദേശ ശ്രേഷ്ഠതയിൽ നിന്ന് വഴുതിപ്പോയത്. അവർ തന്നെത്താൻ നീതികരിക്കുന്നു. സഭയുടെ യഥാർത്ഥ അവസ്ഥ കർത്താവിന്റെ വാക്കുകളിൽ ‘നീ നിർഭാഗ്യവാനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും’ എന്നാണ്. ഇന്നത്തെ പെന്തെക്കോസ്തു സഭകളുടെ ചിത്രവും ഇതിൽ നിന്നും ഒട്ടും വ്യത്യസ്ഥമല്ല. പെന്തെക്കോസ്തു പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ച കാലഘട്ടത്തിൽ നമ്മുടെ പിതാക്കന്മാർക്ക് സാമ്പത്തിക ഭദ്രത വളരെ കുറവായിരുന്നു. എന്നാൽ ആത്മീക വിഷയത്തിൽ അവർ ബഹുസമ്പന്നരായിരുന്നു. അന്ന് കുടുംബപ്രാർത്ഥനകളും, ഉപവാസ പ്രാർത്ഥനകളും, പരിശുദ്ധാത്മാഭിഷേകത്തിനു വേണ്ടിയുള്ള കാത്തിരിപ്പും, കൃപാവരങ്ങൾക്ക് വേണ്ടിയുള്ള ഹൃദയ വാഞ്ചയും, അനുതാപവും, കണ്ണുനീരും താഴ്മയും, വിനയവും, തമ്മിൽ തമ്മിൽ ക്ഷമിക്കുവാനുള്ള മനസ്സും, വേഷത്തിൽ ലാളിത്വവും ഉണ്ടായിരുന്നു. എല്ലാവരിലും മികച്ചു നിന്നത് ദൈവസ്നേഹമായിരുന്നു.

ഈ കാലഘട്ടം വന്നപ്പോൾ ദൈവസ്നേഹം നഷ്ടപ്പെട്ടു, കാത്തിരിപ്പു യോഗങ്ങൾ ഇല്ലാതെയായി, കൃപാവരങ്ങൾക്കായുള്ള വാഞ്ച നഷ്ടമായി, എല്ലാം നഷ്ടപ്പെട്ട അവസ്ഥയിൽ ആയിത്തീർന്നിരിക്കുന്നു. അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്ന് അറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രീയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളും ദൈവപ്രിയമില്ലാതെ ഭോഗപ്രിയരും ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും (2തിമൊ.3:1–5) എന്ന ദൈവവചനം നിവർത്തിക്കപ്പെട്ടിരിക്കുന്നു. ഇനി അതിൽ നിറവേറുവാൻ ഒന്നും ഇല്ല. ‘ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ ആകും’ എന്ന ദൈവവചനം ഇന്ന് എത്രയോ അന്വർത്ഥം ആയിരിക്കുന്നു. ഇന്നത്തെ പെന്തെക്കോസ്തു സമൂഹം ഭൗതീകത്തിൽ സമ്പന്നർ ആയപ്പോൾ ആത്മീയ വിഷയത്തിൽ ദരിദ്രരായി തീർന്നിരിക്കുന്നു. ദുരുപദേശത്താലും പ്രോസ്പിരിറ്റി തീയോളജിയാലും ബന്ധിക്കപ്പെട്ട ദൈവസഭയെ ഇന്ന് സമുദായവത്ക്കരണവും, രാഷ്ട്രീയവത്ക്കരണവും വിഴുങ്ങി കഴിഞ്ഞിരിക്കുന്നു. ഒരു കാലഘട്ടത്തിൽ ആഭരണധാരണം പാപമാണെന്ന് പ്രസംഗിച്ചവർ ഇന്ന് അതേ പ്രസംഗം വിലക്കുന്നു. സഭയിൽ പ്രോഗ്രാം തരാം, പക്ഷെ ആഭരണവിഷയം പ്രസംഗിക്കരുത് എന്ന് വിലക്കുന്ന കർത്തൃവേലക്കാർ പെന്തെക്കോസ്തു സഭകളിൽ വർദ്ധിക്കുന്നു. കുരുട്ടുകണ്ണും, നഗ്നതയും ഇന്ന് ദൈവസഭയെ ബാധിച്ചിരിക്കുന്നു. ദൈവസഭയുടെ സ്വയപ്രശംസ ബാബിലോണ്യ ആത്മാവിന്റേതാണ് (ദാനി.4:30). ശുദ്ധീകരണം, വേർപാട് എന്നീ വിഷയങ്ങൾ പ്രസംഗിക്കുന്നവർ ദൈവസഭകളിൽ ചുരുക്കമായിരിക്കുന്നു.

അമേരിക്കയിലെ ഒക്കലഹോമയിൽ ഈ വർഷം നടന്ന പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ് (PCNACK) ൽ വേർപാടും വിശുദ്ധിയും ദൈവജനത്തിന് അടിയന്തിരാവശ്യം എന്ന് ഞാൻ ഊന്നി പ്രസംഗിച്ചത് അനേകർക്ക് താല്പര്യമായി എന്നറിഞ്ഞു. പാസ്റ്റർ പ്രസംഗിച്ചതുപോലെ ഒരു പ്രസംഗം വളരെ നാളുകൾക്ക് ശേഷമാണ് കേട്ടത്, ഇവിടെയുള്ള പാസ്റ്റേഴ്സിന് ഇങ്ങനെ പ്രസംഗിക്കുവാൻ ധൈര്യമില്ല, തുടർന്നും വിശുദ്ധിയും വേർപാടും പ്രസംഗിക്കുക, കർത്താവ് ബലപ്പെടുത്തും എന്ന് ചിലർ നേരിട്ട് പറഞ്ഞത് ഓർക്കുന്നു. ഈ അഭിപ്രായം ദൈവമക്കളിൽ നിന്ന് വന്നപ്പോൾ ആശ്ചര്യം തോന്നി. ലവോദിക്യാ സഭയുടെ അവസ്ഥയും സാഹചര്യവും കണക്കിലെടുത്താണ് വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്ന് സ്വയം പരിചയപ്പെടുത്തുന്നത് (വെളി.3:14). വിശ്വസ്തനും, സത്യവാനായ സാക്ഷി, ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ ലവോദിക്യരെക്കുറിച്ച് പറയുന്ന സാക്ഷ്യം ഏറ്റവും വിശ്വസനീയമാണ്. ആരംഭം മുതൽ എല്ലാം അറിയുന്നവന്റെ സാക്ഷ്യം, ആദിമുതലുള്ള വിശ്വസ്തതയും സത്യസന്ധവുമായ ചരിത്രം അറിയാവുന്ന സാക്ഷിയോടു ലവോദിക്യ സഭയ്ക്ക് മറുത്തൊന്നും പറയുവാൻ കഴിയുകയില്ല എന്ന വസ്തുത നാം ശ്രദ്ധിക്കേണ്ടതാണ്. ഇതാണ് അന്ത്യകാലത്ത് സംഭവിക്കുവാൻ പോകുന്നത് എന്ന് ഇന്നത്തെ പെന്തെക്കോസ്തു സമൂഹം ഓർക്കുന്നത് നന്നായിരിക്കും. വെളിപ്പാട് 3:15 ലെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല എന്നത് 'വാട്ടവെള്ളത്തിന്റെ' അവസ്ഥയാണ്. പരിണിതഫലം ഉമിണ്ണുകളയുകയാണ്. അഥവാ തുപ്പി കളയുന്ന അവസ്ഥ (വെളി.3:18). ഇത് സംഭവിക്കാതിരിക്കുവാൻ ഏവരും ശ്രദ്ധിക്കുക. വെളിപ്പാട് 3:20-ാം വാക്യത്തിൽ കാണുന്നത് രക്ഷകനായ കർത്താവിന്റെ സ്ഥാനം സഭയ്ക്ക് പുറത്താണ്. എത്രയോ പരിതാപകരമായ അവസ്ഥ. ഈ അവസ്ഥയെ ഓർത്ത് വിശുദ്ധ പൗലോസ് ഭാരപ്പെടുന്നതായി കൊലോസ്യ ലേഖനത്തിൽ കാണുന്നു. ലവോദിക്യ സഭയുടെ അവസ്ഥ കൊലോസ്യ സഭയ്ക്കും സംഭവിച്ചിരുന്നു എന്ന് കൊലോസ്യർ 3, 4 അദ്ധ്യായങ്ങളിൽ പൗലോസ് സമർത്ഥിക്കുന്നു. (പൗലോസ് കൊലോസ്യ. 4:16 ൽ പറയുന്ന ലേഖനം ഇന്ന് നമുക്ക് ലഭ്യമല്ല). കൊലോസ്യർ പിന്മാറ്റത്തിലായിരുന്നു എന്ന് 3-ാം അദ്ധ്യായത്തിൽ നിന്ന് വ്യക്തമാണ്. നീ സമ്പന്നനാകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന് വെള്ള ഉടുപ്പും നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണിലെഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു എന്ന ഉപദേശം ശ്രദ്ധിക്കുക (വെളി.3:18). പുറത്തു നിന്ന് മുട്ടുന്ന രക്ഷകനെ വാതിൽ തുറന്ന് അകത്ത് പ്രവേശിപ്പിക്കുക. അവന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ വെളി.3:20,21 ൽ പറയുന്നത് പ്രാപിപ്പാൻ നമുക്ക് കഴിയും: "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ജയിക്കുന്നവന് ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ."

ഇന്നത്തെ ലോക സംഭവങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ കർത്താവിന്റെ വരവു അടുത്തിരിക്കുന്നു എന്ന് മനസ്സിലാക്കുവാൻ എളുപ്പമാണ് എന്നാൽ ആത്മമണവാളന്റെ വരവിനെക്കുറിച്ചു പ്രസംഗിക്കുന്നവർ കുറഞ്ഞിരിക്കുന്നു. യേശു വരും നിശ്ചയം; അതിന് മാറ്റമില്ല. ലൗകീക സുഖഭോഗസമൃദ്ധി, ധനത്തിന്റെ വർദ്ധനവ്, ലോകത്തിന്റെ ധാടിമോടി ആദിയായവയാൽ കാഴ്ച നഷ്ടപ്പെട്ടവർ സ്വയശോധന നടത്തി മടങ്ങി വരേണ്ട സമയം ഇതാണ്. വേഷഭൂഷാദികളിൽ മറ്റുള്ളവരെക്കാളധികം ദൈവ മക്കൾ അലംകൃതരാകാമോ എന്ന് ചിന്തിക്കണം. പൊന്നു വേണ്ട എന്നു പറയുന്നവർ പൊന്നിനെക്കാൾ തിളക്കമേറിയ വസ്ത്രങ്ങൾ ധരിക്കുന്നത് ദൈവമക്കൾക്ക് യോജിച്ചതാണോ എന്ന സ്വയശോധന ചെയ്യേണ്ടിയിരിക്കുന്നു. വേദപുസ്തക വായനയ്ക്കും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും

സമയമില്ല. എന്നാൽ അവർ സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിച്ച് ഒരുങ്ങുവാൻ മണിക്കൂറുകൾ എടുക്കുന്നു. സഭായോഗം നിർത്തേണ്ട സമയം കൃത്യമായിരിക്കണം. ആത്മനിയോഗത്താൽ ഒരു മിനിറ്റുപോലും നീട്ടുന്നത് പലർക്കും ഇഷ്ടമല്ല. പക്ഷെ ആഹാരം കഴിക്കുന്നതിനു വേണ്ടി റസ്റ്റോറന്റുകളിൽ കയറി ഭക്ഷണത്തിനായി കാത്തിരിക്കുവാനും മണിക്കൂറുകൾ ചെലവാക്കുവാനും ഒരു ബുദ്ധിമുട്ടുമില്ല. ഈ സഹിഷ്ണത സഭയുടെ ആരാധനവേളയിൽ കാണിക്കുന്നില്ല. മാനസാന്തരപ്പെടുക (വെളി.3:20). പരിശുദ്ധാത്മാവ് ഇന്നത്തെ സഭയുടെ അവസ്ഥയെ വിലയിരുത്തുന്നത് ശീതോഷ്ണവാൻ, നിർഭാഗ്യവാൻ, അരിഷ്ടൻ, ദരിദ്രൻ, കുരുടൻ, നഗ്നൻ എന്നീ നിലയിലാണ്. മാത്രമോ, ഞാൻ ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ലാത്തവൻ എന്നുള്ള സ്വയപ്രശംസയും (വെളി.3:17).

പിന്മാറ്റക്കാർ മടങ്ങി വന്ന് ലോകസ്നേഹവും ആഡംബരവും വെടിഞ്ഞ് വിശുദ്ധിയും വേർപാടും പാലിച്ച് പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനും ആരാധനയ്ക്കും സമയം കണ്ടെത്തി സഭയിലും ജീവിതത്തിലും കർത്താവിന് മുഖ്യസ്ഥാനം കൊടുക്കേണ്ടത് ഏറ്റവും ആവശ്യം. കാഹളം ധ്വനിക്കുമ്പോൾ നാം ഓടിയതും അദ്ധ്വാനിച്ചതും വൃഥാവായി എന്ന് വരാതിരിപ്പാനും നിത്യത നഷ്ടപ്പെടാതിരിപ്പാനും ദൈവമക്കൾ ഈ ദിവസങ്ങളിൽ പ്രത്യേകാൽ ജാഗരിക്കട്ടെ.

ക്രിസ്തുവിൽ എല്ലാവർക്കും സ്നേഹവന്ദനം.

*പാസ്റ്റർ എം. കുഞ്ഞപ്പി*
*സ്റ്റേറ്റ് ഓവർസീയർ*

## സ്റ്റേറ്റ് ഓവർസീയറുടെ അറിയിപ്പുകൾ

### ഇൻസെന്റീവ് കോഴ്സ്– തെക്കൻ മേഖല

ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റ് തെക്കൻ മേഖലയിലെ കർത്തൃശുശ്രൂഷകന്മാർക്കുവേണ്ടിയുള്ള ഇൻസെന്റീവ് കോഴ്സ് ദൈവഹിതമായാൽ 2011 സെപ്റ്റംബർ 22, 23, 24 (വ്യാഴം, വെള്ളി, ശനി) ദിവസങ്ങളിൽ വലിയതുറ ദൈവസഭാ ആലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ കർത്തൃശുശ്രൂഷകന്മാർക്കും സ്റ്റേറ്റ് ഓഫീസിൽ നിന്നും കത്തുകൾ അയച്ചിട്ടുണ്ട്. കത്ത് ലഭിക്കാത്തവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### ഇൻസെന്റീവ് കോഴ്സ്

ദൈവഹിതമായാൽ ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റിലെ കാസർകോഡ്, കണ്ണൂർ, പയ്യന്നൂർ, വയനാട്, എടക്കര, കോഴിക്കോട്, നിലമ്പൂർ എന്നീ ഡിസ്ട്രിക്റ്റുകളിലെ കർത്തൃശുശ്രൂഷകന്മാർക്കായുള്ള ഇൻസെന്റീവ് കോഴ്സ് 2011 ഒക്ടോബർ 27, 28 (വ്യാഴം, വെള്ളി) ദിവസങ്ങളിൽ കണ്ണൂർ പരിയാരം മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ ഡിസ്ട്രിക്റ്റുകളിലെ എല്ലാ കർത്തൃശുശ്രൂഷകന്മാരും ഈ ക്ലാസ്സുകളിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. റവ. ജോർജ്ജ് സാംകുട്ടി (യു.എസ്.എ.)യെ കൂടാതെ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ പാസ്റ്റർ പി. സി. ചെറിയാൻ എന്നിവർ ക്ലാസ്സുകൾ എടുക്കുന്നതാണ്.

### ഓഫീസ് കോംപ്ലക്സ് കൂപ്പൺ

ദൈവസഭയുടെ ഓഫീസ് കോംപ്ലക്സ് പണിയിൽ കേരളത്തിൽ എല്ലാ ദൈവമക്കളെയും സഹകരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഡിസ്ട്രിക്റ്റ് ശുശ്രൂഷകന്മാരെ ഏല്പിച്ചിരുന്ന കൂപ്പണുകൾ ചില സഭകൾ കൂപ്പണിന്റെ കണക്കും ലഭിച്ച തുകയും കേന്ദ്ര ഓഫീസിൽ എത്തിച്ചിട്ടുണ്ട്. സുവിശേഷനാദത്തിന്റെ അടുത്ത ലക്കത്തിൽ ഈ സഭകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

# ചരിത്രം പഠിച്ചാൽ പോരാ, ചരിത്രത്തിൽ നിന്നു പഠിക്കണം

(ഇവാ. പി.ഐ. ഏബ്രഹാം (കാനം)



നമുക്കെല്ലാം പരിചയമുള്ള ഒരു കാര്യമാണ് നമ്മുടെ തല വാചകം. പരീക്ഷയിൽ ജയിക്കാൻ കഷ്ടപ്പെട്ടു ചരിത്രം പഠിക്കും. ആവശ്യം കഴിയുമ്പോൾ അതങ്ങു മറക്കും. അതുപോരാ. ചരിത്രം നമ്മുടെ മുമ്പിൽ ഒരു വഴികാട്ടിയായി നിലകൊള്ളുണം. ലോകചരിത്രങ്ങൾ തന്നെ വളരെ പ്രയോജനകരമായി നമുക്കു അനുഭവപ്പെടുത്താം. എന്നാൽ ദൈവജനത്തിന് വേദപുസ്തക വെളിച്ചത്തിൽ വേണ്ടുവോളം സാധനപാഠങ്ങൾ ലഭിക്കുന്നുണ്ട്. അതിൽ വ്യക്തികളുടെ ചരിത്രമുണ്ട്. അതോടൊപ്പം ജനവർഗ്ഗങ്ങളുടെ ചരിത്രവുമുണ്ട്. അക്കൂട്ടത്തിൽ ഗണനീയമായ ഒന്നാണ് യിസ്രയേലിന്റെ ചരിത്രം. 1 കോരി 10 – ൽ പൗലോസ് മിസ്രയീമിൽ നിന്നു പുറപ്പെട്ട ജനത്തിന്റെ ചരിത്രം അല്പം പ്രസ്താവിച്ചിട്ട് ക്രിസ്തീയ വിശ്വാസികളായ നമ്മോടു സംസാരിക്കുകയാണ് ചെയ്യുന്നത്. അവരുടെ ചരിത്രം നമ്മുടെ ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നു എന്നാണ് തന്റെ ഭാഷ്യം.

യഹൂദജനത്തിന്റെ ചരിത്രം കുറഞ്ഞപക്ഷം ന്യായാധിപന്മാരുടെ കാലം മുതൽ കണക്കാക്കാം. ശമുവേൽ തുടങ്ങിയ പ്രവാചകന്മാരുടെ ആത്മീയ നേതൃത്വവും ജനത്തിനു വഴികാട്ടിയിരുന്നു. അങ്ങനെയിരിക്കെ ജാതികൾക്കുള്ളതുപോലെ തങ്ങൾക്കു ഒരു രാജാവു വേണം എന്ന ആഗ്രഹം ജനം ശമുവേലിനെ അറിയിച്ചു. ദൈവഹൃദയമറിയാവുന്ന ശമുവേലിന് അതു ദുഃഖമായി. ദൈവം ഇതേപ്പറ്റി വളരെ ദുഃഖസ്വരത്തിൽ ശമുവേലിനോടു സംസാരിച്ചു, ഞാൻ അവർക്കു രാജാവായിരിക്കുന്നതു പോരായോ? എന്നായിരുന്നു യഹോവയുടെ പ്രതികരണം. വാസ്തവത്തിൽ എക്കാലത്തുമുള്ള രാജവാഴ്ചയുടെ ചരിത്രങ്ങളെ നിരൂപണം ചെയ്യുന്ന വാക്കുകളായിരുന്നു കർത്താവ് ഉച്ചരിച്ചത്. നാം പഠിച്ചാൽ ഒരു തികഞ്ഞ രാജാവ് ഇന്നുവരെ ജനിച്ചിട്ടില്ല. ഒന്നുകിൽ ദുർബലനായിരിക്കും അല്ലെങ്കിൽ ദുഷ്ടനായിരിക്കും. ഇന്നും മനുഷ്യ മനസ്സുകൾ ഒരു നല്ല രാജാവിനു വേണ്ടി കൊതിച്ചുകൊണ്ടാണിരിക്കുന്നത്. ഇന്നത്തെ ഭരണകൂടങ്ങൾ വെറും പേക്കൂത്തുകളാണ്. ഭരണകക്ഷിയും പ്രതിപക്ഷവും ഒരുപോലെ പ്രതിക്കൂട്ടിലാണ്. വചനം പഠിച്ചവർക്കറിയാം ഇനി താമസമെന്യേ ആയിരമാണ്ടു വാഴുന്ന രാജാവ് ഒരു തികഞ്ഞ രാജാവായിരിക്കും.

ദൈവം അർഹിക്കുന്ന സ്ഥാനം നമ്മൾ എടുത്താൽ അതു ദൈവത്തെ നിന്ദിക്കുകയായിരിക്കും ഫലം. പിതാവ്, ഗുരു, പുരോഹിതൻ, പ്രവാചകൻ, രാജാവ് ഈ പദവികളെല്ലാം തികഞ്ഞ അർത്ഥത്തിൽ ദൈവത്തിനുള്ളതാണ്. ആപേക്ഷികമായ അർത്ഥത്തിൽ മാത്രമെ നമുക്ക് ഈ പദവികൾ എടുക്കുവാൻ അവകാശമുള്ളൂ. ഇത് അറിയാവുന്നതുകൊണ്ടാണ് വിശുദ്ധ മറിയയെ ദൈവമാതാവ് എന്നു പറയുന്ന ആശയത്തെ ഞങ്ങൾ തള്ളിക്കളയുന്നത്. താൻ ഒരിക്കലും അവളെ അമ്മയെന്നു വിളിച്ചിട്ടില്ല. എന്റെ അമ്മ ആര്, സഹോദരങ്ങൾ ആര് എന്ന് അമ്മ മുൻപിൽ നിൽക്കെത്തെന്നെ യേശു ചോദിച്ചു. ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടതല്ലയോ എന്നു ഔസേഫിന്റെ മുമ്പിൽ വെച്ചു താൻ ചോദ്യമിട്ടു. മനുഷ്യവേഷത്തിൽ ജനിക്കുന്നതിന് തനിക്ക് ഒരു ഉദരം വേണ്ടിയിരുന്നു. ബയോളജി അനുസരിച്ചുള്ള ജനനമല്ലായിരുന്നു അത്. നിത്യതയിൽ മറിയ താൻ പ്രസവിച്ച പുത്രന്റെ മണവാട്ടിയാം സഭയുടെ അംഗവുമായിരിക്കും. മറിയക്കു ഒടുവിൽ അതു ബോദ്ധ്യപ്പെട്ടു. അതുകൊണ്ട് യേശുവിന്റെ കല്പന പ്രകാരം അവൾ കാത്തിരുന്നു പരിശുദ്ധാത്മാവിനെ പ്രാപിച്ചു. പെന്തക്കോസ്തു നാളിൽ മറ്റു ശ്ലീഹന്മാരുടെ സഹകരണത്തോടുകൂടെ പത്രോസ് അവളെ മാമോദീസാ മുക്കി സഭയോടു ചേർത്തു. (തെളിവ് ആവശ്യമുള്ളവർ സമീപിക്കണം. ഓർത്ത

ഡോക്സ് സഭയുടെ മെത്രപ്പൊലീത്ത എഴുതിയ പുസ്തകത്തിൽ നിന്നു വായിച്ചു കേൾപ്പിക്കാം. പക്ഷേ കേട്ട ശേഷം വീണ്ടും നന്മ നിറഞ്ഞ മറിയമെ എന്നു നമസ്കരിച്ചു കൊണ്ടു പള്ളിയിൽ പോകരുത്.)

ഒരു വിശ്വാസിക്ക് മറ്റൊരു വിശ്വാസി മദ്ധ്യസ്ഥനോ മദ്ധ്യസ്ഥയോ അല്ല. ജാതികൾക്കു വേണ്ടി നമുക്കു മദ്ധ്യസ്ഥത ചെയ്യാം. അതു ഏകപക്ഷീയമാണ്. എന്നാൽ വിശ്വാസികൾക്കിടയിലെ മദ്ധ്യസ്ഥത പരസ്പര മദ്ധ്യസ്ഥത ആണ്. പൗലോസ് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അതോടൊപ്പം നമ്മുടെ പ്രാർത്ഥന ചോദിക്കുന്നു. അതു പരസ്പര സഹായമാണ്. ഇടതു കൈയ്യ് വേദനിച്ചാൽ വലതു കൈയ്യ് തലോടും, വലതു കൈക്കു വേദന വന്നാൽ ഇടതു കൈയ്യ് സഹായിക്കും. റോമാ സഭയ്ക്കും മറ്റു പറ്റിയ ഭയങ്കര വീഴ്ച ഇവിടെയാണ്. മറിയ ഉയിർത്തു സിംഹാസനത്തിൽ പുത്രന്റെ വലത്തു ഭാഗത്തിരിക്കുന്നു. നമുക്കായി അപേക്ഷിക്കുന്നു. ഇതെല്ലാം ദൈവവചനം പഠിക്കാത്തതുകൊണ്ട് പറഞ്ഞു പഠിപ്പിക്കുന്നതാണ്. യേശു അല്ലാതെ ആരും ഉയിർത്തിട്ടില്ല. മറ്റാരും സ്വർഗ്ഗത്തിലും പോയിട്ടില്ല. മറിയ ഉൾപ്പെടെ സകലവിശുദ്ധരും പ്രത്യാശയോടുകൂടി മരിച്ച് പറുദീസയിൽ കാത്തിരിക്കുന്നു. ഇടയ്ക്ക് വായനക്കാർക്ക് അത്ഭുതം തോന്നുന്ന ഒരു കാര്യം കൂടി പറയാം. സുറിയാനി സഭ മരിച്ചവർക്കുവേണ്ടി മൊത്തം പ്രാർത്ഥിക്കുന്നുണ്ട്. അക്കൂട്ടത്തിൽ വിശുദ്ധ മറിയാമിനുവേണ്ടിയും ഇന്നും അതു ചെയ്യുന്നുണ്ട്. കാരണം ആരു പൂർണ്ണത പ്രാപിച്ചിട്ടില്ലത്രെ. എന്നാൽ ശരിക്കു വചനം പഠിച്ചവർക്കു ഈ അബദ്ധം പറ്റില്ല. കർത്താവിൽ ആശ്രയം വെച്ചു മരിച്ചവർക്ക് ഇനി മറ്റൊരു കർമ്മം ആരുടെയും ആവശ്യമില്ല. പ്രത്യേകിച്ചും വ്യക്തിയുടെ മരണം, കൃപായുഗത്തിന്റെ അവസാനം, ഇവയ്ക്കുശേഷം ഒരു മനുഷ്യാത്മാവിനു വേണ്ടി മദ്ധ്യസ്ഥത ദൈവവചനം അനുവദിച്ചിട്ടില്ല.

യിസ്രായേൽ ജനം ദൈവവ്യവസ്ഥ വിട്ടു പോയതു നിമിത്തം ആലയം തകർന്നു. രാജ്യം നഷ്ടമായി, രാജാവു പോയി. ഇപ്പോൾ ഏതു പരുവത്തിലാണു കഴിഞ്ഞുകൂടുന്നതെന്നു വാർത്തകൾ കേട്ടാൽ അറിയാം. ഇതിലെല്ലാം ദയനീയമായി എനിക്കു തോന്നുന്നത് ഞാൻ പറയാം. പ്രവാചകന്മാർ ഒരു മ്ശിഹാ വരുമെന്ന് അവരോടു പറഞ്ഞു. സങ്കീർത്തനങ്ങളിലും വിശിഷ്യാ യെശയ്യാ പ്രവചനത്തിലും ആ മ്ശിഹാ പരിത്യജിക്കപ്പെട്ടവനും ദുഃഖ പുരുഷനും ആയിരിക്കുമെന്നു തുറന്നു പറഞ്ഞിരുന്നു. യേശു തന്നെ തന്നെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. താൻ ലോകപ്രകാരമുള്ള രാജാവല്ല എന്നു തെളിയിക്കുവാൻ കഴുതയെ വാഹന മൃഗമാക്കി. തന്റെ വിസ്താര കോടതി നയിച്ച പീലാത്തോസിന് തന്റെ നീതി ബോദ്ധ്യമായി. ഒരു കള്ളന് താൻ രാജാവാകുമെന്നു മേലെഴുത്തു വായിച്ചപ്പോൾ ബോദ്ധ്യപ്പെട്ടു. തന്റെ മരണ സമയത്ത് ഭൂമി കുലുങ്ങി, ദേശം ഇരുണ്ടു, തിരശ്ശീല നടുവെ ചീന്തി; ഇതെല്ലാം സംഭവിച്ചപ്പോൾ നോക്കി നിന്ന ശതാധിപൻ പോലും ഇദ്ദേഹം ഒരു നീതിമാൻ എന്നു പ്രസ്താവിച്ചു. യേശുവിനെ അറിയാൻ യഹൂദ ജാതിക്ക് ഇതിൽപരം തെളിവുകൾ ആവശ്യമുണ്ടോ? ഒരിക്കലുമില്ല. പക്ഷേ സത്യത്തിന്റെ നേരെ കണ്ണടക്കുകയും സത്യം കേൾക്കുമ്പോൾ ചെവി പൊത്തുകയും ചെയ്യുന്ന ഒരു ജാതിക്ക് എവിടെയാണു രക്ഷ. അങ്ങനെ അവർക്ക് മ്ശിഹ നഷ്ടപെട്ടു. ജാതികളായി കിടന്ന നമ്മൾ മ്ശിഹായെ സ്വീകരിച്ചു. അവൻ വീണ്ടും വരുവാൻ കാത്തിരിക്കുന്നു. തലയിൽ ശാപം പേറുന്ന യഹൂദൻ മ്ശിഹായുടെ ഒന്നാമത്തെ വരവിനായി കാത്തിരിക്കുന്നു. തെറ്റിയ തെറ്റു കാണുക.

ക്രിസ്തീയ സഭയിലേക്കു തിരിച്ചു വരാം. കർത്താവ് ഉപദേശിച്ച വഴിത്താരയിൽ നിന്നുകൊണ്ടു തന്റെ മാതൃക പിൻപറ്റേണ്ട ജനം യഹൂദ ജാതി വീണ കുഴിയിൽ തന്നെ വീണത് കഷ്ടമായി കഷ്ടമായിപ്പോയി. മർക്കോസിന്റെ വീട്ടിൽ ആരംഭിച്ച സഭ ഭവനസഭകളായി വെളിമ്പമ്പിൽ പ്രസംഗിക്കുകയും ആളാംപ്രതി സുവിശേഷിക്കുകയും ചെയ്തുകൊണ്ട് മൂന്നു നൂറ്റാണ്ടു വരെ വിടാതെ പിടിച്ചു നിന്നു. ഹവ്വായെ ചതിച്ച പിശാച് സഭയുടെ തോട്ടത്തിൽ കടന്നു. കുസ്തന്തിനോസിനെ കരുവാക്കി. നന്മകൾ വാഗ്ദാനം ചെയ്തു. സ്വാതന്ത്ര്യം വിളംബരപ്പെടുത്തി. സുന്നഹദോസുകൾ വിളിച്ചുകൂട്ടി. ഉടുതുണിക്കു മറുതുണി കാണാൻ കൊതിച്ച പിതാക്കന്മാരുടെ പിൻഗാമികൾ പട്ടും പൊന്നും ചാർത്തി. വടിയും മുടിയും ധരിച്ചു. പത്രോസിന്റെ സിംഹാസനത്തിൽ മാർപ്പാപ്പാ വാഴുന്നു എന്ന വിവരം പത്രോസ് പറുദീസയിലെങ്ങാനും അറിഞ്ഞിട്ടു

ണ്ടെങ്കിൽ ഇങ്ങനെ പറയുവാൻ സാദ്ധ്യതയുണ്ട്. ഈ ലോകത്തിൽ ഞാൻ ഒരു സിംഹാസനത്തിൽ ഇരുന്നിട്ടില്ല. ഞാൻ അറിയാത്ത സിംഹാസനമോ? നാലാം നൂറ്റാണ്ടു മുതൽ നാം സഭയെ വളച്ചൊടിച്ചു. തിരുമേനി, പരിശുദ്ധൻ, സിംഹാസനം, കൈമുത്ത് എന്നു വേണ്ട ദൈവത്തിനു മാത്രം അർഹതപ്പെട്ടത് നാം ചോർത്തിയെടുത്തു.

കർത്താവിനെ നാം ദർശിക്കുന്നത് ഒരു സാധാരണ യഹൂദന്റെ വേഷത്തിൽ. പൗലോസ് നമ്മുടെ മുമ്പിൽ നിൽക്കുന്നത് കർപ്പൊസിന്റെ പക്കൽ നിന്ന് തനിക്ക് ഒരു പുതപ്പു കിട്ടുമെന്ന പ്രതീക്ഷയിലാണ്. എത്രയോ ലളിതമായ മാതൃകയാണ് ഇവരൊക്കെ നമുക്കു കാണിച്ചത്.

നാം ഇന്ന് ക്രിസ്ത്യാനികളാണ്. പലപേരുകൾ മാറി മാറി പറഞ്ഞാലും ക്രിസ്തു ആണ് നമ്മുടെ മാതൃക. തന്റെ വചനം വിട്ടു ഉപദേശത്തിലും ജീവിതത്തിലും ഇടംവലം മാറുവാൻ നമുക്കു പാടില്ല. സഭ തെറ്റുമ്പോൾ നവീകരണം ഉണ്ടാകുക നല്ലതുതന്നെ. അങ്ങനെ പെന്തക്കോസ്തു നവീകരണം അതിന്റെ തികവിൽ എന്നൊരു ചിന്ത നമുക്കുണ്ട്. ആ ചിന്തയും അപകടമാണ്. രക്ഷിക്കപ്പെട്ടു ക്രിസ്തു ഉള്ളിൽ ഉരുവായി വളരുന്ന ഒരു വിശ്വാസി ക്രിസ്തുവിന്റെ സ്വഭാവം പ്രാപിക്കുന്നതാണു പൂർണ്ണത. വേഷവും ഭാഷയും ഭാവവും ഒന്നും പൂർണ്ണതയല്ല. ഇതാണു സത്യമെങ്കിൽ കർത്താവിന്റെ വരവിൽ എത്ര സത്യക്രിസ്ത്യാനികളെ കാണാം. ഒരു കാര്യം പറഞ്ഞു നിർത്തട്ടെ. ദൈവസഭ പ്രവാസിയും പരദേശിയുമാണല്ലൊ. ഇവിടെ നമുക്കു നിലനില്ക്കുന്നത് ഒന്നുമില്ലല്ലോ. ഈ വിഷയത്തിലും നാം ആത്മശോധന ചെയ്യണം. ആത്മാക്കളെ ക്രിസ്തു സ്വഭാവത്തിൽ വളർത്തി എടുക്കുന്നതിനു പകരം പട്ടത്വ സഭകളെപ്പോലെ വേഷങ്ങൾ നീട്ടുക, പേരിന്റെ വലിപ്പം വർദ്ധിപ്പിക്കുക, വ്യാജമാർഗ്ഗങ്ങൾ അവലംബിച്ചും അധികാരസ്ഥാനങ്ങൾ കൈയ്യടക്കുക ഇതൊക്കെ ഒരു ക്രിസ്ത്യാനിക്ക് ചിന്തിക്കാൻ പോലും കൊള്ളരുതാത്ത കാര്യങ്ങളാണ്. ഞാൻ ഇങ്ങനെ പറഞ്ഞു നിർത്തട്ടെ. ദൈവത്തെ നോക്കി നേരെപോയ അബ്രഹാമിനു തത്രപ്പെട്ടു ഓടി പോകേണ്ട ഗതികേടു ഒരിക്കലുമുണ്ടായില്ല. കനാനിലെത്തിയിട്ടും അവൻ കൂടാരവാസിയായി ജീവിച്ച് അവസാനിച്ചു. എന്നാൽ ഇടംവലം നോക്കി ഭൗതീകം ലക്ഷ്യമാക്കി റൂട്ട് വിട്ട ലോത്ത് ഒന്നും നേടിയില്ല. ആരെയും രക്ഷിച്ചില്ല. ഭാര്യയെയും നഷ്ടമായി. മരുമക്കളെയും രക്ഷിച്ചില്ല. സ്വന്തം മക്കളെ വ്യഭിചാരികളാക്കുവാൻ ദുർഗതിയുമുണ്ടായി. തന്നത്താൻ നശിപ്പിച്ചിട്ടു ലോകം നേടാൻ ശ്രമിക്കുന്ന ഗതികേട് ആർക്കും ഉണ്ടാകാതിരിക്കട്ടെ! ❖

# പരിധികളില്ലാത്ത സ്നേഹം

ദൈവസ്നേഹമെന്നതോ, തൂക്കിനോക്കുവാൻ
ഒരളവിനാലും സാദ്ധ്യമല്ലല്ലോ..
മനുഷ്യസ്നേഹമെന്നതോ, പരിധിക്കുള്ളിലാകുമ്പോൾ
ഇതതിരില്ലാത്ത സ്നേഹ മാതൃക (2)

നിത്യ ജീവ മാർഗ്ഗമാം നല്ല നാഥനേശുവിൻ
വായ്മൊഴികൾ കേട്ടുകൊള്ളുക
കാലുകൾക്ക് ദീപമായ്, പാതക്ക് പ്രകാശമായ്
അന്ത്യത്തോളം വഴി നടത്തുമേ
ദയ എന്നും നിന്നേ ചുറ്റിക്കൊള്ളുമേ.. (ദൈവസ്നേഹ..)

പൂവുണങ്ങിപോകുമേ,
പൂക്കൾ വാടി പോകുമേ,
ദൈവമക്കൾ എന്നും ജീവിക്കും
പരമോന്നതന്റെ മക്കളാകയാൽ
ആത്മശക്തി നമ്മിലുള്ളതാൽ (ദൈവസ്നേഹ...)

**(മോൻസി ജോർജ്ജ്, അതിരുങ്കൽ)**

# വിശേഷദിവസങ്ങൾ, ആഘോഷങ്ങൾ, ഉത്സവങ്ങൾ



(പാസ്റ്റർ പി.ജി. മാത്യൂസ്,
അസി. സ്റ്റേറ്റ് ഓവർസീയർ)

കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിലും ലോകത്തെല്ലായിടത്തും ആഘോഷങ്ങളെ സന്തോഷത്തോടും ഉത്സാഹത്തോടും കൂടെ ലോകജനത വരവേൽക്കുന്നു. പരസ്പരം പ്രോത്സാഹിപ്പിച്ചും ആഹ്ലാദിച്ചും നടത്തുന്ന ഈ മേളക്കൊഴുപ്പുകളുടെ ചരിത്രങ്ങൾ പരിശോധിച്ചാൽ ബഹുഭൂരിപക്ഷവും അന്ധവിശ്വാസത്തിൽ അധിഷ്ഠിതമാണ് എന്നു കാണാം. അതെന്തുമാകട്ടെ, ലോകജനത അവരുടെ രീതിയിൽ സന്തോഷിക്കാനും ആഘോഷിക്കാനും വിശേഷദിവസങ്ങളെ ഉപയോഗിക്കുന്നു.

യഹൂദന്മാരുടെ ഉത്സവങ്ങളെക്കുറിച്ച് തിരുവെഴുത്തുകൾ പറയുന്നു. മിസ്രയീമിൽ നിന്നു പുറപ്പെട്ടതിന്റെ ഓർമ്മക്കായി നടത്തുന്ന പെസഹ, ന്യായപ്രമാണം നൽകിയതിന്റെ ഓർമക്കായുള്ള പെന്തക്കോസ്തു പെരുന്നാൾ, കാഹളനാദ ഉത്സവം, മരുഭൂമിവാസം ഓർക്കുവാനുള്ള കൂടാരപ്പെരുന്നാൾ, ദൈവാലയ പുനരുദ്ധാരണത്തിന്റെ ഓർമ്മയ്ക്കായുള്ള പ്രതിഷ്ഠോൽസവം, ജനത്തിന് ഹാമാനിൽ നിന്ന് ലഭിച്ച മോചനത്തിന്റെ ഓർമ്മയ്ക്കായുള്ള പൂരിം പെരുന്നാൾ എന്നിവയ്ക്ക് എല്ലാം അർത്ഥവും ആശയവും ഒക്കെ ഉണ്ടായിരുന്നു. കർത്താവിന്റെ കാൽവറിയിലെ യാഗത്തോടു കൂടെ ഉത്സവങ്ങൾക്ക് സമാപ്തിയായി. "അതു കൊണ്ട് ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവ്, ശബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്, ഇവ വരുവാനിരുന്നവയുടെ നിഴലത്രേ (കൊലോ: 2:16)".

'നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു, ഞാൻ നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്ന് ഭയപ്പെടുന്നു" ഗലാ. 4:10,11, എന്നിങ്ങനെയുള്ള പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

പഴയനിയമ ഉത്സവങ്ങൾക്ക് നിയമസാധുതയും അർത്ഥവും ഉണ്ടായിരുന്നു. അവ ദൈവകല്പിതങ്ങളായിരുന്നു. അന്ധവിശ്വാസമോ, അർദ്ധവിശ്വാസമോ, അബദ്ധവിശ്വാസമോ, ഊഹാപോഹമോ, സങ്കൽപ്പങ്ങളോ അല്ലായിരുന്നു അവയുടെ അടിസ്ഥാനം.

ഇന്നു കാണുന്ന പല ആഘോഷങ്ങളുടെയും അടിസ്ഥാനം ഭാവനയിൽ നിന്നോ സങ്കൽപ്പത്തിൽനിന്നോ ഒക്കെ ആണ്. വ്യർത്ഥമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യനെ വഴി തെറ്റിക്കുന്നു. അടുത്ത തലമുറക്ക് തെറ്റായ വിവരങ്ങൾ നൽകുന്നതുമൂലം അവർ അബദ്ധങ്ങളിൽ അകപ്പെട്ടു പോകുന്നു. ഊഹാപോഹങ്ങൾ വർഷങ്ങളായി പ്രചരിക്കുന്നതുകൊണ്ട് കാലപ്പഴക്കത്തിൽ അതു സത്യമെന്നതുപോലെ വിശ്വസിക്കപ്പെടുകയും ഇതൊന്നുമറിയാത്ത പുതുതലമുറകൾ അതു ശരിയെന്നുറയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെ ഊഹാപോഹങ്ങളും ഭാവനകളും സങ്കൽപ്പങ്ങളുമെല്ലാം, യാഥാർത്ഥ്യങ്ങളായി ജനങ്ങൾ അംഗീകരിക്കുന്നു. പിന്നീട് അത് വിശ്വാസയോഗ്യമായി തോന്നുന്നു. ക്രമേണ അതു വിശ്വാസപ്രമാണമായി അംഗീകരിക്കുന്നു. യാതൊരു അടിസ്ഥാനവും ഇല്ലാത്ത ഈ ആചാരങ്ങൾക്ക് ചരിത്രത്തോടോ സത്യത്തോടോ യാതൊരു ബന്ധവും ഇല്ല. അന്ധവിശ്വാസങ്ങൾ മുതലെടുത്തുണ്ടാകുന്ന ഉത്സവങ്ങളും ആഘോഷങ്ങളും കച്ചവടവൽക്കരിക്കപ്പെടുന്നു. ആഘോഷദിവസങ്ങളെ ആദായദിവസങ്ങളാക്കി മാറ്റുന്നു. പരമ്പരാഗതമായി ചെയ്യുന്നതുകൊണ്ട് അതാണ് ശരി എന്ന് വിശ്വസിക്കപ്പെടുന്നു.

# നാശത്തിനുമുമ്പെ നിഗളം, മാനത്തിനു മുമ്പെ താഴ്മ!!

പാസ്റ്റർ കെ.എ. ഉമ്മൻ, തിരുവല്ല

എക്കാലത്തുമുള്ള ഏതു മനുഷ്യർക്കും ബാധകമായ ഒരു സത്യമാണ് സദൃ. 18:12 ൽ ശലോമോൻ കുറിച്ചു വെച്ചിരിക്കുന്നത് "നാശത്തിനു മുമ്പെ മനുഷ്യന്റെ ഹൃദയം നിഗളിക്കുന്നു; മാനത്തിനു മുമ്പെ താഴ്മ". ശലോമോന്റെ ജീവിതത്തിൽ തന്നെ ആ സത്യം നിറവേറി എന്നുള്ളത് ഒരു വൈരുദ്ധ്യം തന്നെ.

ദാവീദിന്റെ മരണാനന്തരം സിംഹാസനത്തിലേറിയ ശലോമോൻ രാജാവ് തുടക്കത്തിൽ ദൈവ മുമ്പാകെ വളരെ താഴ്മയും വിനയവുമുള്ളവനായിരുന്നു. ഗിബെയോനിൽ വെച്ചു സ്വപ്നത്തിൽ പ്രത്യക്ഷനായി ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളുവാൻ അരുളിയ ദൈവത്തോടു എത്ര താഴ്മയുടെ വാക്കുകളിലായിരുന്നു അവന്റെ മറുപടി; "ഞാനോ ഒരു ബാലനത്രെ, കാര്യാദികൾ നടത്തുവാൻ എനിക്കു അറിവില്ല.... ആകയാൽ

→

തെറ്റായ അറിവ് അറിവില്ലായ്മയേക്കാൾ അപകടമാണ്. ആയതുപോലെ തെറ്റായവിശ്വാസം അവിശ്വാസത്തെക്കാൾ അപകടമാണ്. ശരിയെന്ന് വിശ്വസിച്ച് തെറ്റിനെ ആശ്ലേഷിക്കുമ്പോൾ ഗുരുതരമായ അബദ്ധത്തിലാണ് നിപതിക്കുന്നത്. മുമ്പോട്ടോടേണ്ടവർ പിറകിലേക്കോടിയാൽ ഉണ്ടാകുന്നത് വിപരീതഫലമാണ്. അന്ധവിശ്വാസങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കില്ല എന്നു മാത്രമല്ല, ഒരു വലിയ കൂട്ടം ജനതയെ വഞ്ചിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആഘോഷങ്ങളുടെ പിന്നിലെ വസ്തുതകൾ മനസ്സിലാക്കാതെ പലരും അതിൽ സന്തോഷം കാണുന്നുണ്ട്. യഹോവയിങ്കലെ സന്തോഷം ആണ് യഥാർത്ഥബലം.

കേരളത്തിന്റെ ആഘോഷസന്ദർഭങ്ങളാണ് ഇപ്പോൾ. ആഘോഷങ്ങളുടെ സന്തോഷങ്ങൾക്കായി അനേക ഉപാധികൾ പ്രയോഗിക്കുന്നുമുണ്ട്. ചില സന്തോഷങ്ങളുടെ പര്യവസാനം ചിലപ്പോൾ ദുഃഖമായി മാറും. എല്ലാവരും സന്തോഷിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പൗലോസിന്റെ ലേഖനത്തിൽ എപ്പോഴും സന്തോഷിക്കണം എന്നു തന്നെയാണ് ആഹ്വാനം. സന്തോഷത്തിന് ദൈവം എതിരല്ല, എന്നു മാത്രമല്ല, നാം തീർച്ചയായും സന്തോഷിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ സന്തോഷങ്ങൾ എല്ലാം ദൈവഹിതപ്രകാരം ഉള്ളതായിരിക്കണം. ലോകം തരുന്ന താല്ക്കാലിക സന്തോഷങ്ങൾക്കുള്ളിൽ അപകടം പതിയിരിക്കുന്നുണ്ട്. അത് ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്നു.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ സന്തോഷത്തിന്റെ അടിസ്ഥാനം നിത്യതയെക്കുറിച്ചുള്ള ഉറപ്പാണ് (Assurance of Immortality). അനശ്വരമായ ജീവിതത്തെക്കുറിച്ച് ഉറപ്പുള്ളവന്റെ സന്തോഷം നിത്യമായിരിക്കും. വീര്യപ്രവർത്തികൾ എത്ര ചെയ്തെന്നാലും ലോകം ബഹുമാന്യരെന്നെണ്ണിയാലും നിത്യതയെക്കുറിച്ച് ഉറപ്പു പ്രാപിക്കാത്തവരുടെ സന്തോഷം താല്ക്കാലികവും മിഥ്യയും ആയിരിക്കും. സ്വന്തശിഷ്യന്മാർ ഭൂതങ്ങളെ കീഴടക്കി മടങ്ങി വന്നപ്പോൾ വലിയ അഭിനന്ദനം യേശുവിൽ നിന്ന് പ്രതീക്ഷിച്ചു. പക്ഷെ യേശു പറഞ്ഞു "ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പീൻ". നാം ഭൂതങ്ങളെ കീഴടക്കുന്നതിനേക്കാൾ പ്രധാനപ്പെട്ട കാര്യമാണ് ജീവപുസ്തകത്തിൽ നമ്മുടെ പേര് ഉൾപ്പെടുക എന്നത്. ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടവരുടെ സന്തോഷം പ്രത്യേക ദിവസങ്ങളിലോ മാസങ്ങളിലോ അല്ല; സീസൺ അനുസരിച്ചുള്ള സന്തോഷമല്ല. നിലനിൽക്കുന്ന നിത്യാനന്ദമാണ് ദൈവം നമുക്കു തന്നിട്ടുള്ളത്. അതു പ്രാപിക്കാത്തവർ ധാരാളമാണല്ലോ. അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുകയും ചെയ്യാം. അതിനായി ദൈവം നമ്മുടെ മേൽ തന്റെ കൃപയും ശക്തിയും പകരട്ടെ.

❖

ഗുണവും ദോഷവും തിരിച്ചറിഞ്ഞു നിന്റെ ജനത്തിനു ന്യായപാലനം ചെയ്‌വാൻ വിവേകമുള്ളോരു ഹൃദയം എനിക്കു തരേണമേ" ( 1 രാജാ 7:10) എന്നുള്ള വിനയപൂർവ്വമായ ആ അപേക്ഷയുടെ മുമ്പിൽ ദൈവം പ്രസാദിച്ചു. അതുല്യമായ ജ്ഞാനം മാത്രമല്ല, സമ്പത്തും മഹത്വവും കൂടി ദൈവം കനിഞ്ഞു നൽകി. മാത്രമോ, രാജാക്കന്മാരിൽ മറ്റൊരുത്തനും അവനു തുല്യനാകയില്ല എന്നൊരു വിശേഷണവും. ഏഴു വർഷം കൊണ്ടു പണി തീർത്ത അതിമനോഹരമായ ദേവാലയ പ്രതിഷ്ഠാ വേളയിൽ, പുരോഹിതന്മാർക്കു ശുശ്രൂഷ ചെയ്യുവാൻ സാധിക്കാത്തവണ്ണം ആലയം ദൈവതേജസ്സു കൊണ്ടു നിറഞ്ഞു. യാഗപീഠത്തിന്റെ മുമ്പിൽ മുഴങ്കാലിൽ കുത്തിയിരുന്നു ആകാശത്തേക്കു കൈമലർത്തിക്കൊണ്ട് ശലോമോൻ പ്രാർത്ഥിക്കുന്നതു കാണുവാനും കേൾക്കുവാനും എത്ര മനോഹരമായിരുന്നു. അതോടനുബന്ധിച്ച് നടന്ന സമാധാനയാഗങ്ങൾക്കായി അർപ്പിക്കപ്പെട്ട മൃഗങ്ങളുടെ എണ്ണം അമ്പരിപ്പിക്കുന്നതായിരുന്നു. ഇരുപത്തിരായിരം കാളയും ഒരു ലക്ഷത്തിഇരുപതിനായിരം ആടും. "ഇങ്ങനെ ശലോമോൻ രാജാവു ഭൂമിയിലെ സകല രാജാക്കന്മാരിലും വെച്ചു ധനം കൊണ്ടും ജ്ഞാനം കൊണ്ടും മികെച്ചവനായിരുന്നു"(1 രാജാ 10:23). തനിതങ്കം മാത്രമായിരുന്നു എല്ലാ ഉപകരണങ്ങളുടെയും നിർമ്മാണത്തിനുപയോഗിച്ചത് കാരണം അക്കാലത്തു വെള്ളിക്കു വിലയില്ലായിരുന്നു എന്നു പറഞ്ഞാൽ അവന്റെ ധനമാഹാത്മത്തെക്കുറിച്ച് കുറച്ചൊക്കെ മനസ്സിലാക്കാം. ശേബാ രാജ്ഞി ഉൾപ്പെടെ ദൂരെത്തുള്ള രാജാക്കന്മാർ ശലോമോന്റെ മുഖദർശനം അന്വേഷിക്കുകയും വിലയേറിയ പലതും തനിക്കു കാഴ്ചയായി സമർപ്പിക്കുകയും ചെയ്തിരുന്ന ഒരു സുവർണ്ണകാലം. മാനത്തിനു മുമ്പെയുള്ള താഴ്മയുടെ ഉദാഹരണം.

പക്ഷേ ശലോമോന്റെ ചരിത്രം അവിടെ പൂർണ്ണമായില്ല. രണ്ടു പ്രാവശ്യം തനിക്കു പ്രത്യക്ഷനാകുകയും അന്യദേവന്മാരെ സേവിക്കുവാൻ പോകരുതെന്ന് അരുളപ്പാടും നൽകിയ ദൈവത്തെ മറുതലിച്ച് ലോകത്തിന്റെയും ജഡത്തിന്റെയും വശീകരണശക്തികൾക്കടിമയായ ആ മഹാരാജാവ് തനിക്കും ഭാവിതലമുറക്കും വരുത്തിവെച്ച വിന ചെറുതല്ലായിരുന്നു. ദൈവം രാജത്വം അവനിൽ നിന്നും പറിച്ചെടുത്ത് യെരൊബെയാം എന്ന അവന്റെ ദാസനു കൈമാറിയപ്പോൾ യിസ്രായേൽ എന്ന ജാതിയുടെ ചരിത്രം തന്നെ പിച്ചിച്ചീന്തപ്പെടുകയായിരുന്നു. മാനവും മഹത്വവും നൽകിയ സർവ്വശക്തനെ മറന്നുപോയ നിഗളിയുടെ ദുഃഖപൂർണ്ണമായ പര്യവസാനം.

പതിനാറാമത്തെ വയസ്സിൽ യഹൂദയിൽ രാജാവായ ഉസ്സിയാവിന്റെ ചരിത്രവും ഇതിന്റെ മറ്റൊരുദാഹരണമാണ് (2 ദിന. 26). ദൈവത്തെ അന്വേഷിച്ച കാലത്തോളം ദൈവം അവനു അഭിവൃദ്ധി നൽകി. ജാതീയ രാജാക്കന്മാർ അവനു കാഴ്ച കൊണ്ടു വരികയും അവന്റെ ശ്രുതി മിസ്രയീം വരെ പരക്കയും ചെയ്തു. പക്ഷേ ഇത് ഉസ്സിയാവിന്റെ ജീവചരിത്രത്തിന്റെ ആദ്യഭാഗം മാത്രം. അടുത്തഭാഗത്തെക്കുറിച്ചു വചനത്തിൽ നിന്നു തന്നെ ഉദ്ധരിക്കട്ടെ. "എന്നാൽ അവൻ ബലവാനായപ്പോൾ അവന്റെ ഹൃദയം അവന്റെ നാശത്തിനായിട്ടു നിഗളിച്ചു (2 ദിന 26:16)". യഹോവയ്ക്കു ധൂപം കാട്ടുന്നതുൾപ്പെയുള്ള ദേവാലയ ശുശ്രൂഷകൾ അഹരോന്യ പുരോഹിതന്മാർ ചെയ്യേണ്ടതാണെന്നുള്ള വിവരം രാജാവിനെക്കാൾ കൂടുതൽ ആർക്കാണറിയാവുന്നത്. പക്ഷെ നിഗളം ഹൃദയത്തെ കീഴടക്കിയപ്പോൾ അവൻ അവിവേകം പ്രവർത്തിപ്പാൻ മുതിർന്നു. ദേവാലയത്തിനകത്തു കടന്നു സ്വയം ധൂപം അർപ്പിക്കുവാൻ ശ്രമിച്ച രാജാവിനെ പുരോഹിതന്മാർ തടഞ്ഞപ്പോൾ അവൻ അവരുടെ നേരെ കോപിച്ചു. തിരുവചനം പറയുന്നു: അവൻ കോപിച്ചു കൊണ്ടിരിക്കയിൽ തന്നെ അവന്റെ നെറ്റിമേൽ കുഷ്ഠം പൊങ്ങി. ആ നിമിഷത്തിൽ പുരോഹിതന്മാർ ഉസ്സിയാവിനെ പിടിച്ചു പുറത്താക്കി. ദൈവകോപം തന്റെ ശരീരത്തിൽ തെളിഞ്ഞു വന്നതുകൊണ്ട് അവൻ തന്നെ ദേവാലയത്തിനു പുറത്തുപോകുവാൻ ബദ്ധപ്പെട്ടു. ഒരു പ്രത്യേക വാസസ്ഥലത്തു ജീവപര്യന്തം കുഷ്ഠരോഗിയായി അവൻ പാർത്തു. ദൈവത്തെ അന്വേഷിച്ചപ്പോൾ അഭിവൃദ്ധിയും മാനവും ശ്രുതിയും ഒക്കെ ലഭിച്ച ഉസ്സിയ രാജാവ് നിഗളിച്ചപ്പോൾ വിധി മറ്റൊന്നായി.

ഇതു വായിക്കുന്ന ചിലരെങ്കിലും, ഈ പഴങ്കഥകൾ തങ്ങൾക്കു ബാധകമല്ലെന്ന് ചിന്തിച്ചേക്കാം. പക്ഷേ ഏതുകാലയളവിലും ഇതൊരു പരമ സത്യമാണെന്നാണ് എന്റെ പക്ഷം. പത്രോ

സിന്റെ ലേഖനം വായിച്ചിട്ടുള്ളവർ ഈ അഭിപ്രായത്തോടു യോജിക്കും. 1 പത്രോ. 5:5 "ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു, താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. സദൃ. 22:1 കൂട്ടി വായിക്കുമ്പോൾ "അനവധി സമ്പത്തിലും സൽകീർത്തിയും വെള്ളിയിലും പൊന്നിലും കൃപയും നല്ലത്".

ഇന്ന് ആത്മീകഗോളത്തെ ഗ്രസിച്ചിരിക്കുന്ന ഭയാനകമായ ഒരു വിപത്താണ് നിഗളം. "ഞാൻ എന്തോ ആകുന്നു എന്നുള്ള ഭാവം; അല്ലെങ്കിൽ എനിക്ക് എന്തോ ഉണ്ടെന്നുള്ള പ്രകടനം." അതു നിഗളത്തിൽ നിന്നുളവായ ഫലങ്ങൾ തന്നെ. ഒരിക്കൽ ഇല്ലായ്മയുടെ അനുഭവങ്ങളായിരുന്നു. കഴിക്കുവാനും കുടിക്കുവാനും ഉടുക്കുവാനും പാർക്കുവാനും ഒക്കെ അപര്യാപ്തതയുടെ നാളുകൾ. ദൈവത്തെ അന്വേഷിപ്പാൻ തുടങ്ങിയപ്പോൾ ദൈവം അഭിവൃദ്ധി നൽകി. പക്ഷേ അതു പ്രാപിച്ച ദൈവമക്കൾ എന്നു പേരുള്ളവരുടെ ഇപ്പോഴത്തെ ഭാവവും പ്രകടനവും കാണുമ്പോൾ നാശത്തിനു മുമ്പുള്ള നിഗളത്തിന്റെ ഭാവപ്രകടനങ്ങളല്ലേ എന്നു ചിന്തിച്ചുപോകുന്നു. ലോകക്കാർ എന്നു ആത്മീക ഗോളം സംബോധന ചെയ്യുന്നവർ കാട്ടിക്കൂട്ടുന്ന പലതും തങ്ങൾക്കും യോജിക്കും എന്നു വെളിപ്പെടുത്തുവാൻ തത്രപ്പെടുന്ന ഒരു കൂട്ടർ. ഏതായാലും നിഗളം നമ്മെ കീഴ്പെടുത്തുന്നതിനു മുമ്പെ നമുക്കു ദൈവ മുമ്പാകെ കീഴ്പെടാം. അതായിരിക്കും ഏവർക്കും അനുഗ്രഹം!!

❖

# ലഹരി വിരുദ്ധ ബോധവൽക്കരണ റാലി

**പത്തനംതിട്ട:** ചർച്ച് ഓഫ് ഗോഡ് പത്തനംതിട്ട ഡിസ്ട്രിക്ടിന്റെയും യുവജനവിഭാഗത്തിന്റെയും (വൈ.പി.ഇ.) സംയുക്താഭിമുഖ്യത്തിൽ ലഹരിവിരുദ്ധ വാഹന റാലി നടന്നു. പ്രസ്തുത റാലി ബഹു: അഡ്വ. കെ. ശിവദാസൻനായർ എം.എൽ.എ. ജാഥാ ക്യാപ്റ്റൻ വൈ.പി.ഇ. ഓർഗനൈസർ സുനിൽ വർഗ്ഗീസിന് ഫ്ളാഗ് കൈമാറി ഉദ്ഘാടനം നിർവ്വഹിച്ചു. ലഹരി ഉപയോഗത്തിനെതിരെ ആത്മീക മുന്നേറ്റം ആവശ്യമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ബഹു. എച്ച്. സലീംരാജ് എ.ഡി.എം. ആശംസ അറിയിച്ചു. ഡിസ്ട്രിക് പാസ്റ്റർ തോമസ് എം. പുളിവേലിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യപ്രഭാഷണം നടത്തി.

വാഹനറാലി വാര്യാപുരം, ഇലന്തൂർ, പ്രക്കാനം, ഊന്നുകൽ, ഓമല്ലൂർ, പുത്തൻപീടിക, മുണ്ടുകോട്ടയ്ക്കൽ, മൈലപ്ര, കുമ്പഴ വഴി പത്തനംതിട്ട ടൗണിൽ വൈകിട്ട് സമാപിച്ചു. പാസ്റ്റർ ലൈജു നൈനാൻ, ജോൺ തോമസ് പുളിവേലിൽ എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. ബിജു കണ്ടത്തിൽ നയിച്ച സെലസ്റ്റ്യൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.




പാസ്റ്റർമാരായ ജോസഫ് മാടപ്പള്ളി, കെ.എം. ചെറിയാൻ, പി.എ. രാജൻ, ജോസ് വർഗീസ്, തോമസ് മാത്യു, ജെ. മോനച്ചൻ, ബ്രദർ സി.എം. മാത്യു എന്നിവർ റാലിക്ക് നേതൃത്വം നല്കി.

കവിത

# മണവാളൻ

ആയിരം പതിനായിരം സൂര്യശോഭയാർ
ന്നൊരുവനെനിക്കുണ്ടു പ്രിയരെ,
വെൺമയാർന്നൊരുവൻ വിൺമേഘമതി
ലെന്നേ വന്നൂ വിളിച്ചിടുന്നു.

പാണിയാൽ പാർശ്വമണച്ചീടുമരുമ
കാന്തനവൻ തുടച്ചീടുമെൻ മിഴികൾ,
മാറോടു ചേർത്തണച്ചീടുമെന്നുടെ
ശിരസ്സിനെ തലോടി ആശ്വസിപ്പിക്കുമേ.

ആ ദിവ്യ സ്വരൂപത്തെ ക്ഷീണിച്ച കണ്ണുകൾ
കൊണ്ടു നോക്കി ഞാൻ നിർവൃതിയാകവേ,
തീ ജ്വാലപോലെ ആ കണ്ണുകൾ എന്നുടെ
അന്തരാത്മാവിലേക്കാഴ്ന്നിറങ്ങിടുന്നു.

തളർന്നു കിടന്നൊരെൻ ദേഹത്തെ താങ്ങി
എടുത്തു തൻ അശ്വത്തിൻ മേലിരുത്തി,
എന്നെ മാറോട് ചേർത്തിരുത്തി മെല്ലെ
ഓടിച്ചു പോകുന്നു നിത്യഭവനത്തിൽ.

ആദ്യമായ് കണ്ടതിൻ അമ്പരപ്പെന്നുടെ
കണ്ണുകളിൽ വായിച്ചറിഞ്ഞവനോതി,
പേടി വേണ്ടാ പ്രീയേ ഞാനെന്നും നിന്നോട്
കൂടെയിരുന്നത് നീ അറിഞ്ഞില്ലേ?

വിറയാർന്ന ചുണ്ടുകൾ കൊണ്ടു ഞാൻ ഓതി
അറിയുന്നു നാഥാ നിൻ ഇമ്പമാം ശബ്ദം,
എങ്കിലും നിൻ രൂപം എത്ര മനോഹരം
നിനക്കെന്നോടു പ്രിയമാകുമോ പ്രിയനേ?

ലോകത്തിൻ മാലിന്യമൊന്നു കൊണ്ടു നീ
വാടിയ മലരുപോലായി എൻ സഖീ,
സ്ഫടികം പോൽ ജലമതിൽ കണ്ടു ഞാൻ എൻ രൂപം
മറഞ്ഞുപോയി എന്നുടെ കരിവാളിപ്പുകൾ.

പ്രിയനെ കണ്ട മാത്രയിൽ തന്നെ
രൂപാന്തരത്തിൽ എൻ ദേഹം മറഞ്ഞു,
മണവാളനൊത്തതാം മണവാട്ടി പോലെ ഞാൻ
മണിയറ പൂകി മനസ്സാനന്ദമാടി!



മിസ്സിസ് ജിജി ജോർജ്ജ്

# ചിലർ ചെയ്യുന്നതുപോലെ ചെയ്യരുത്



പാസ്റ്റർ എ. റ്റി. ജോസഫ്

സഭായോഗത്തെ ഉപേക്ഷിക്കരുതെന്ന് പൗലോസ് ശ്ലീഹാ എബ്രായ വിശ്വാസികളെ പ്രബോധിപ്പിച്ചെഴുതുന്നു. (എബ്രാ. 10:24). പഴയ, പുതിയ നിയമങ്ങളിൽ കാണുന്ന പദമാണ് 'സഭായോഗം' എന്നത്. രണ്ട് നിയമങ്ങളിലും അതീവ പ്രാധാന്യമുള്ളതാണിത്. പത്ത് കല്പനകളിൽ ഒരു കല്പന തന്നെ സഭായോഗം ഉപേക്ഷിക്കരുത് എന്ന അർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്. (പുറ. 20:8). സഭായോഗത്തിൽ വരാതിരിക്കാൻ ആരെയും വചനം വിലക്കിയിട്ടില്ല. (യോവേൽ 1:14, 2:15,16). പൈതങ്ങളും, മുലകുടിക്കുന്നവരും, മണവാളനും, മണവാട്ടിയും, മൂപ്പനും, എല്ലാവരും ഒരുമിച്ച് സഭായോഗം കൂടണം. വ്യവസ്ഥപ്രകാരം നിലവിളിക്കണം.

പുതിയനിയമത്തിൽ സഭായോഗം ഉപേക്ഷിക്കരുത് എന്ന് സഭായോഗം ഉപേക്ഷിക്കാതിരുന്ന പൗലോസാണ് എഴുതിയിരിക്കുന്നത് (അപ്പോ. 11:26). നമ്മുടെ സഭായോഗം, സഭായോഗം തന്നെയായിരിക്കണം.അത് കലക്കയോഗമാകരുത്. കമ്മറ്റിയോഗമാകരുത്. ജീവനുള്ള കർത്താവിന്റെ സഭയിൽ എല്ലാ ശുശ്രൂഷകളും ജീവനുള്ളതായിരിക്കണം. സഭ വെന്റിലേറ്ററിൽ കിടക്കുന്ന രോഗിയെപോലെയാണെങ്കിൽ ശബ്ദവും ചലനവും, പ്രവർത്തനങ്ങളും ഉണ്ടാകില്ല, പകരം ഒരു നിശ്വാസം മാത്രം. ജീവനുള്ള, ജീവിക്കുന്ന ശുശ്രൂഷകൻമാർക്ക് മാത്രമേ ജീവനുള്ള സഭകളെ ഒരുക്കിയെടുക്കുവാൻ സാധിക്കൂ.

സഭായോഗം ചൈതന്യമുള്ളതാണെങ്കിൽ വരാൻതന്നെ ആത്മികരായ വിശ്വാസികൾക്ക് താൽപര്യമുണ്ടാകും. എല്ലാ ആഴ്ചയിലും കൃത്യസമയം പാലിക്കുക സഭായോഗത്തിൽ പ്രധാനമാണ്. ഒരു ആഴ്ച ഒരു സമയം, അടുത്ത ആഴ്ച വേറൊരു സമയം, അര മണിക്കൂറോ, ഒരു മണിക്കൂറോ താമസിച്ച് ആരംഭിക്കുക, വന്ന് വർത്തമാനമെല്ലാം പറഞ്ഞതിനുശേഷം തോന്നുന്ന സമയത്ത് തുടങ്ങുക, ഇതൊന്നും ദൈവസന്നിധിയിൽ നന്നല്ല. രണ്ട് പേരെ ഉള്ളെങ്കിലും കൃത്യസമയം പാലിക്കണം. സഭായോഗം തുടങ്ങുന്നതിന് മുൻപ് സൺഡേസ്കൂൾ കുട്ടികളെകൊണ്ടോ, യുവാക്കൻമാരെക്കൊണ്ടോ പ്രാർത്ഥിപ്പിച്ചതിനുശേഷം ശുശ്രൂഷകൻ പ്രാർത്ഥിച്ച് തുടങ്ങുന്നത് മാതൃകയാണ്. അവരുടെയും സജീവ സാന്നിധ്യം സഭയുടെ ഭാവിക്ക് അത്യന്താപേക്ഷിതമാണ്.

പാട്ടിന്റെ അവസാനം ഉണർവ്വുണ്ടാകാൻ നിൽക്കാതെ ഗാനശുശ്രൂഷയുടെ ആരംഭം മുതൽ തന്നെ അതിന് ശ്രമിക്കുക. അർത്ഥവത്തായ സ്തുതിഗീതങ്ങൾ പാടുന്നതായിരിക്കും നല്ലത്. സങ്കീർത്തന പ്രബോധനം എന്നതിലുപരി നാൽപത്തിയഞ്ച് മിനിറ്റിൽ കുറയാതെയുള്ള സമയം എടുത്ത് ഒരു സന്ദേശം പ്രാർത്ഥനയോടെ നൽകുന്നത് ജനത്തിന് ആത്മീയമായും ഭൗതീകമായും വിടുതലായിരിക്കും.

പ്രാർത്ഥന ചുരുക്കമായിരിക്കുന്നതുപോല തന്നെ സാക്ഷ്യവാക്കുകളും പരിമിതമായ വാക്കുകളിൽ ആത്മാർത്ഥതയോടെ പറയുവാൻ ശ്രമിച്ചാൽ മറ്റുള്ളവർക്ക് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടും. കുട്ടികളെയും യൗവ്വനക്കാരെയും സഭായോഗത്തിൽ അവഗണിക്കരുത്. അവർക്ക് ഏതൊക്കെ ശുശ്രൂഷകളിൽ അവസരം കൊടുക്കാമോ, അത് ചെയ്ത് വളർത്തിയെടുക്കണം.

ഏറ്റവും നല്ല ശുശ്രൂഷ സഭയ്ക്ക് ചെയ്യുവാൻ ഇടയൻ ശ്രമിക്കണം. കുറച്ചു പേരെ മുൻപിലുള്ളതെങ്കിലും വലിയ യോഗത്തിന് ശുശ്രൂഷിക്കുന്നത് പോലെ പ്രസംഗിക്കുക. പ്രസംഗത്തിൽ മനഃപൂർവ്വം കുത്തരുത്. എന്നാൽ ശുശ്രൂഷയിൽ ആർക്കെങ്കിലും കുത്തുകൊണ്ടാൽ ബാക്കികാര്യം കർത്താവ് നോക്കിക്കൊള്ളും.

പ്രോസ്പിരിറ്റി പറയുന്നവരെ പലരും കുറ്റം പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ നാമെല്ലാവരും അത് പറയുന്നവരും, അനുഭവിക്കുന്നവരും, ആഗ്ര

→

# പരീക്ഷയും വിജയവും

പാസ്റ്റർ സണ്ണി ഫിലിപ്പ് റാന്നി



അപ്പോസ്തലനായ പൗലോസ് കൊരിന്ത്യലേഖനത്തിൽ ഇപ്രകാരം പറയുന്നു: (1 കൊരി. 10:13). "മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ. നിങ്ങൾക്ക് കഴിയുന്നതിന് മീതേ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോട് കൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." ദൈവജനത്തിന് പരീക്ഷ ഉണ്ട് എന്നുള്ളത് ഇവിടെ വ്യക്തമാണ്. എന്നാൽ നമുക്ക് പരീക്ഷ മാത്രമല്ല അതിനപ്പുറത്ത് പോക്കുവഴിയും ഉണ്ടാക്കുന്നവനാണ് ദൈവം. ഓരോരുത്തർക്കും പരീക്ഷ വന്നെങ്കിൽ മാത്രമേ വിജയപരാജയങ്ങൾ നിശ്ചയിക്കുവാൻ കഴിയൂ. അപ്പോൾ പരീക്ഷ പരാജയമല്ല അതിനപ്പുറത്ത് വിജയത്തിന്റെ സോപാനം നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

തിരുവചനം പഠിച്ചാൽ ഏദെനിൽ ആദാമിനും മരുഭൂമിയിൽ യേശുവിനും ലോകത്തിൽ ദൈവമക്കൾക്കും പരീക്ഷ ഉണ്ട് എന്ന് മനസ്സിലാകുന്നു. ഈ മൂന്നു കൂട്ടർക്കും മൂന്നു വിധ പരീക്ഷകളാണ് ഉണ്ടായിരിക്കുന്നത്. യേശുവിന്റെ സ്നാനാനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്കു നടത്തി എന്ന് ലൂക്കോ: 4:1-ൽ കാണുന്നു. "അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്ക് പോകുവാൻ നിർബന്ധിച്ചു. അവിടെ അവൻ സാത്താനാൽ പരീക്ഷിക്കപ്പെട്ടു. നാല്പതു ദിവസം മരുഭൂമിയിൽ കാട്ടുമൃഗങ്ങളോട് കൂടെ ആയിരുന്നു; ദൂതന്മാർ അവനെ ശുശ്രൂഷിച്ചു. മർക്കോ 1:12-13". കാട്ടുമൃഗങ്ങളോട് കൂടെ ആയിരിക്കുവാൻ യേശു അവിടെ പോയി എന്നർത്ഥമല്ല. മറിച്ച് ഈ ദിവസങ്ങളിൽ മനുഷ്യാധിവാസം ഇല്ലാത്തതും കേവലം മരു മൃഗങ്ങൾ മാത്രമുള്ളതായ സ്ഥലത്ത് യേശു ഏകനായിരുന്നു എന്നത്രെ. യേശു തന്റെ പ്രിയപുത്രൻ ആണെന്നു സ്വർഗ്ഗം സാക്ഷിക്കുമ്പോൾ ആ പ്രിയപുത്രനെ പരാജയപ്പെടുത്തുവാൻ ആണ് പിശാച് ഇറങ്ങി പുറപ്പെട്ടത്. ദൈവം നമ്മേപ്പറ്റി നല്ല നിലയിൽ ചിന്തിക്കുമ്പോൾ ഈ ചിന്തകളെ മാറ്റി മറിക്കുവാൻ പിശാച് രംഗപ്രവേശനം ചെയ്യും എന്ന് നാം ഓർത്തിരിക്കേണ്ടതാണ്.

നീ ദൈവപുത്രൻ എന്ന് തെളിയിച്ച് കാണിക്കുക, ഈ വെല്ലുവിളി ആണ് യേശുവിനെതിരെ പിശാച് ഉയർത്തിയത്. "നീ ദൈവപുത്രൻ

→

---

ഹിക്കുന്നവരും ആണെന്ന സത്യം മറന്നുപോയി. പണമില്ലാതെ സുവിശേഷവേല നടക്കുകയില്ല. പല സഭകളിലും പണം ഒരു ബന്ധനമായോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഒരാഴ്ച മുഴുവൻ സഭയിലും ദേശത്തും അദ്ധ്വാനിച്ച ശുശ്രൂഷകൻ അനുഭവിക്കാൻ മേശപ്പുറത്ത് സ്തോത്രത്തോടെ അർപ്പിക്കുന്ന നൻമ വിഭജിച്ചെടുത്ത് സഭാ ഫണ്ട് ഉണ്ടാക്കുന്നത് വചനാനുസരണമോ എന്ന് ചിന്തിക്കണം. മേശമേൽ അർപ്പിക്കുന്നത് സഭാഹാൾ പെയിന്റിംഗിനും കറണ്ട് ചാർജ് അടയ്ക്കാനും, ഫണ്ടാക്കാനും അല്ല ദൈവമക്കൾ അർപ്പിക്കുന്നത്. അതിന് മന:പൂർവ്വദാനങ്ങൾ ആണ് ഉപയോഗിക്കേണ്ടത്. ആരും തന്നെ കൃത്യമായ ദശാംശം അല്ലെങ്കിൽ ഓഹരി സഭയിൽ കൊടുക്കുന്നില്ല, എന്നിരിക്കെ വരുന്നതിൽനിന്ന് വിഭജിച്ചെടുക്കുന്നത് അനുഗ്രഹമാണോ? ശുശ്രൂഷകൻ തെളിഞ്ഞ മനസ്സോടെ നല്ല ശുശ്രൂഷ ചെയ്യട്ടെ. അതിനനുവദിക്കുന്ന സഭായോഗമാണ് ജനത്തിന് അനുഗ്രഹം.

സഭായോഗം ഉഴപ്പരുത്, സഭയ്ക്കകത്ത് വന്നാലും ഉഴപ്പരുത്. നന്നായി ആരാധിക്കാം. വചനപ്രകാരം കൊടുത്താൽ വചനപ്രകാരം പ്രാപിക്കാം. ചിലർ ചെയ്യുന്നതുപോലെ ചെയ്യാതെ ദൈവാലോചനപ്രകാരം പ്രവർത്തിക്കാം. സഭായോഗങ്ങൾ നമുക്കനുഗ്രഹമായി മാറട്ടെ. ❖

എങ്കിൽ" കല്ല് അപ്പമായി തീരട്ടെ, ദേവാലയാഗ്രത്തു നിന്നും താഴോട്ട് ചാടുക, എന്നെ വീണു നമസ്കരിക്കുക, ഈ വെല്ലുവിളിയെ യേശു സ്വീകരിച്ചില്ല. താൻ ദൈവപുത്രൻ എന്ന് വെളിപ്പെടുത്തുവാൻ ഒരു മഹാത്ഭുതവും യേശു അവിടെ ചെയ്തില്ല. സാത്താന്റെ കയ്യിലെ ഒരു കളിപ്പാട്ടമായി മാറാതെ വചനത്തിന്റെ അന്തസത്തയിൽ നിന്നുകൊണ്ട് യേശു പിശാചിനെ ജയിച്ചു. ഇന്നത്തെ ആത്മീകരായിരുന്നു എങ്കിൽ തീർച്ചയായിട്ടും കല്ലുകളെ അപ്പമാക്കി മാറ്റിയേനേം. അതല്ലെങ്കിൽ പിശാചിനെ കാണിക്കുവാൻ എന്തെങ്കിലും ഒക്കെ ചെയ്തേനേം. പക്ഷേ യേശു അതിന് തയ്യാറായില്ല.
യേശു ക്രൂശിൽ കിടക്കുമ്പോൾ തന്റെ എതിരാളികൾ യേശുവിന്റെ മുഖത്ത് നോക്കി വിളിച്ചു പറഞ്ഞു. "മന്ദിരം പൊളിച്ച് മൂന്നു നാൾകൊണ്ട് പണിയുന്നവനെ നിന്നേത്തന്നേ രക്ഷിക്ക. നീ ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങി വാ" (മത്താ: 27:40). ഇവിടെയും യേശു ദൈവപുത്രൻ എന്ന് കാണിക്കുവാൻ ക്രൂശിൽ നിന്നും ഇറങ്ങി വന്നില്ല. അതുകൊണ്ട് യേശു ദൈവപുത്രൻ അല്ലെന്നുണ്ടോ? ഒരിക്കലുമില്ല. ഈ പരീക്ഷകളെ യേശു അതിജീവിച്ചു.

ആദാമിനേയും ഹവ്വായേയും ഏദെൻ തോട്ടത്തിൽ ഒന്നാമത് പരീക്ഷിച്ചത് വൃക്ഷഫലം കാണിച്ചുകൊടുത്തുകൊണ്ടായിരുന്നു. ആ വൃക്ഷഫലം തിന്മാൻ നല്ലത് ഉല്പ. 3:6. യേശുവിനോട് പിശാച് പറഞ്ഞത് കല്ല് അപ്പം ആയി തീരുവാൻ കല്പിക്കുക. മത്താ: 4:3, ആവ. 8:3. ദൈവമക്കളെ സംബന്ധിച്ചുള്ള പരീക്ഷ ജഡമോഹത്തിലേക്ക് അവരെ വലിച്ചിഴച്ചാണ്. 1 യോഹ: 2:16.

രണ്ടാമത്തെ ആദിമദമ്പതികളുടെ പരീക്ഷ വൃക്ഷഫലം കാണ്മാൻ ഭംഗിയുള്ളത് എന്നു പറഞ്ഞു കൊണ്ടാണ്. യേശുവിനെ പരീക്ഷിച്ചത് ലോക പ്രതാപത്തെ കാണിച്ചുകൊടുത്തുകൊണ്ടാണ് മത്താ: 4:8. ദൈവമക്കളെ കൺമോഹത്തിലൂടെ ആണ് പരീക്ഷിച്ചുകൊണ്ടിരിക്കുന്നത് 1 യോഹ: 2:16. മൂന്നാമത്തെ പരീക്ഷ ആ ദമ്പതികളോടുള്ള ബന്ധത്തിൽ നിങ്ങൾ മരിക്കുകയില്ല ദൈവത്തെപ്പോലെ ആകും. യേശുവിനോടുള്ള ബന്ധത്തിൽ ദേവാലയ അഗ്രത്തിൽ നിന്നും ചാടുക, ദൂതന്മാർ കരങ്ങളിൽ താങ്ങിക്കൊള്ളും എന്നു പറഞ്ഞാണ് മത്താ: 4:5. ദൈവമക്കളെ സംബന്ധിച്ച് ജീവനത്തിന്റെ പ്രതാപം കാട്ടിക്കൊടുത്താണ് പരീക്ഷിക്കുന്നത്. ഈ പരീക്ഷകളിൽ യേശു ജയിച്ചു. ആദിമ ദമ്പതികൾ പരാജയമടഞ്ഞു. ദൈവമക്കളോ തോറ്റും ജയിച്ചും ഒക്കെ മുന്നേറുന്നു. മനുഷ്യനിലുള്ള വികാരങ്ങൾ എല്ലാം ദൈവദത്തമാണ്. അവ അതിൽ തന്നേ തിന്മയല്ല. എന്നാൽ പിശാച് അവയെ തിന്മയ്ക്കായി ഉപയോഗിക്കുന്നു എന്നു മാത്രം. പരീക്ഷയിൽ നാം ജയിക്കണം.

സാത്താൻ അരുമശിഷ്യനായ പത്രോസിനെ കരങ്ങളിലെടുത്ത് യേശുവിനെ പരീക്ഷിക്കുന്നതായി കാണുന്നു. മത്താ: 16:22-23. പത്രോസ് അവനെ വേറിട്ടു കൊണ്ടുപോയി. "കർത്താവേ അത് അരുതേ നിനക്ക് അങ്ങനെ ഭവിക്കരുതേ എന്ന് ശാസിച്ചു തുടങ്ങി. അവനോ തിരിഞ്ഞു പത്രോസിനോടു സാത്താനെ എന്നെ വിട്ടുപോ നീ എനിക്ക് ഇടർച്ചയാകുന്നു നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രേ കരുതുന്നത് എന്നു പറഞ്ഞു". ഇവിടെയും യേശു ജയിക്കുകയായിരുന്നു.

അടുത്തതായി സാത്താൻ കരങ്ങളിലെടുത്തത് യൂദായെ ആയിരുന്നു. ലൂക്കോ: 22:3 എന്നാൽ പന്തിരുവരുടെ കൂട്ടത്തിൽ ഉള്ള ഈസ്കര്യോത്താ യൂദായിൽ സാത്താൻ കടന്നു. അവൻ യേശുവിനെ ഒറ്റിക്കൊടുത്തു. പക്ഷേ അവിടെയും യേശു ജയിച്ചു. ഗത്ത്സമന തോട്ടത്തിൽ യേശുവിനെ പരാജയപ്പെടുത്താൻ പിശാച് ആകുന്നത്ര പരിശ്രമിച്ചു. യേശു ആ തോട്ടത്തിൽ കവിണ്ണുവീണു. "പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപ്പോകേണമേ മത്താ: 26:36-45". യേശുവിന്റെ കാലത്ത് അനേകർ യേശുവിന്റെ മുമ്പിൽ കവിണ്ണുവീണിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഗത്ത്ശെമന തോട്ടത്തിൽ യേശു കവിണ്ണുവീഴുകയാണ്. ആ തോട്ടത്തിൽ വച്ച് യേശുവിനെ വക വരുത്തുവാൻ സാത്താൻ പരിശ്രമിച്ചു. ലൂക്കോ 22:44-ൽ അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെ ആയി എന്ന് കാണുന്നു. തന്റെ മരണം മാനവജാതിയുടെ വിടുതൽ ആകയാൽ ഒരു സമരം തന്നെ അവിടെ യേശുവിന് കഴിക്കേണ്ടതായി വന്നു. ആ യുദ്ധത്തിൽ ആണ് യേശു രക്തത്തിൽ വിയർത്തു കുളിച്ചത്. പക്ഷെ അവിടെയും യേശു

→

## കർത്തൃസന്നിധിയിൽ

**തിരുവല്ല:** തിരുവല്ല ടൗൺ ചർച്ച് ഓഫ് ഗോഡ് സഭാംഗവും ഇവാ. ടി.സി. വർഗ്ഗീസിന്റെ സഹധർമ്മിണിയുമായ അന്നമ്മ വർഗ്ഗീസ് (അമ്മിണി -74) 2011 ആഗസ്റ്റ് 16 ചൊവ്വാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കർത്തൃദാസനോടൊപ്പം സുവിശേഷവേലയിലും രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിലും വളരെ ശുഷ്കാന്തിയുള്ള സഹോദരിയായിരുന്നു.



ആഗസ്റ്റ് 19 വെള്ളിയാഴ്ച ഡിസ്ട്രിക്ട് പാസ്റ്റർ ജോസ് ബേബിയുടെ നേതൃത്വത്തിൽ ഭവനത്തിലും തുടർന്ന് ശാരോൻ ആഡിറ്റോറിയത്തിലും നടന്ന സംസ്കാരശുശ്രൂഷയിൽ പാസ്റ്റേഴ്സ് തോമസ് ഫിലിപ്പ്, പി.ജെ. ജയിംസ്, കെ.എ. ഉമ്മൻ, എം.ഒ. ഏലിയാസ്, ജെ. ജോസഫ്, കെ.വി. ജോയിക്കുട്ടി, ജോസ് മണിമല, പി.പി. കുര്യൻ, രാജു പൂവക്കാല, സജു തോമസ്, ഷിബു കെ. മാത്യു, ബ്രദേഴ്സ് എൻ.എം. രാജു, ജോസഫ് ജോൺ, ഏബ്രഹാം തോമസ്, സിസ്റ്റർ അന്നമ്മ കുഞ്ഞപ്പി, മേരിക്കുട്ടി ഏബ്രഹാം ഉൾപ്പെടെ വിവിധ സഭകളിൽ നിന്നും അനേക കർത്തൃദാസന്മാരും വിശ്വാസിപ്രതിനിധികളും ആശ്വാസദൂതുകളും അനുശോചനവും അറിയിച്ചു.

അസി. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജി. മാത്യൂസ് വചനശുശ്രൂഷ നിർവഹിക്കുകയും തുടർന്ന് ടൗൺ ചർച്ചിന്റെ കറ്റോട്ടുള്ള സെമിത്തേരിയിൽ സംസ്കാരം നടത്തുകയും ചെയ്തു.

മക്കൾ/മരുമക്കൾ: മിനി/പാസ്റ്റർ സാമുവേൽ മത്തായി (Canada), ഷൈനി/ചെറിയാൻ ജോർജ്ജ് (Canada), ഫിന്നി/മേഴ്സി (USA). കൊച്ചുമക്കൾ: ബ്ലെസൻ, ബെറ്റ്സി, ആഷ്‌ലിൻ, സ്റ്റീവ്, റിബേക്കാ.

**റാന്നി:** ചെല്ലക്കാട് ദൈവസഭാംഗവും തിരുവല്ല കൈയ്യൂരിൽ (late) ഡോ. കെ.വി. നൈനാന്റെ സഹധർമ്മിണിയുമായ മറിയാമ്മ നൈനാൻ (90) 2011 ആഗസ്റ്റ് 10 ബുധനാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു.



ആഗസ്റ്റ് 12 വെള്ളിയാഴ്ച ചെല്ലക്കാട് പുളിയിലേത്തു ഭവനത്തിൽ വെച്ചു നടന്ന സംസ്കാര ശുശ്രൂഷയിൽ പാസ്റ്റേഴ്സ്

→

ജയിച്ചു. നമ്മേപ്പോലെ പരീക്ഷിക്കപ്പെട്ട യേശു നമ്മുടെ പരീക്ഷയിൽ നമ്മെ സഹായിക്കുന്നവനാണ് എബ്രാ. 2:18, 4:15.

**എന്തുകൊണ്ടാണ് യേശു പരീക്ഷിക്കപ്പെട്ടത്.**

ഒന്ന്. അവൻ മനുഷ്യനായി ജനിച്ചതിനാൽ എബ്രാ: 5:8. യേശു മനുഷ്യനായി മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി ജന്മം കൊണ്ടുവനാകയാലാണ് പരീക്ഷിക്കപ്പെടേണ്ടി വന്നത്. രണ്ടാമതായി പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ട് വിജയിച്ചു എന്നു കാണിക്കുവാനാണ് എബ്രാ. 4:15. മൂന്നാമതായി യേശു എന്തെങ്കിലും തെറ്റ് ചെയ്യുമോ എന്നറിയുവാൻ പിശാച് യേശുവിനെ പരീക്ഷിച്ചു. പക്ഷേ യേശുവിനെ കൊണ്ട് ഒരു തെറ്റും ചെയ്യിക്കുവാൻ സാത്താന് കഴിഞ്ഞില്ല. ദൈവവചനം പഠിച്ചാൽ സാത്താന്റെ പരീക്ഷ മനുഷ്യനെ തെറ്റിലകപ്പെടുത്തുവാനായിട്ടാണ് യോഹ: 6:6, യാക്കോ: 1:13-14. ആകയാൽ അവനോട് നാം എതിർത്ത് നിൽക്കണം. ഒരിക്കൽ വെല്ലിംഗ്ടൺ പ്രഭുവിന് ഒരാൾ ഒരു ഉടുപ്പ് സമ്മാനിച്ചിട്ട് ഇപ്രകാരം പറഞ്ഞു. ഇത് ധരിച്ചാൽ വെടിയുണ്ട ഒരിക്കലും ഏൽക്കില്ല. അത്രമാത്രം ഫലകരമായിട്ടുള്ളതാണ് ഈ ഉടുപ്പ്. ഉടൻ തന്നേ പ്രഭു അകമ്പടി പട്ടാളത്തിന്റെ ക്യാപ്റ്റനെ വിളിച്ചിട്ടു പറഞ്ഞു തോക്കിൽ വെടിയുണ്ട ഇട്ട് വേഗം കൊണ്ടു വരിക. ഇത്രയും കേട്ടു കഴിഞ്ഞപ്പോൾ സമ്മാനവുമായി വന്ന ആൾ ഓടി ഒളിച്ചു. ഇത് അയാളുടെ ഒരു തന്ത്രമായിരുന്നു. ഇതുപോലെ സാത്താൻ തന്ത്രവുമായി വരുമ്പോൾ അവനോട് എതിർത്താൽ നാം പരാജയപ്പെടുകയില്ല. ദൈവത്തിന്റെ വചനം പറയുന്നു കർത്താവ് ഭക്തന്മാരെ പരീക്ഷയിൽ നിന്ന് വിടുവിക്കുന്നു. 2 പത്രോ: 2:9. ആകയാൽ ജയകരമായിരിക്കുന്ന ക്രിസ്തീയജീവിതം നയിപ്പാൻ ഏവരെയും കർത്താവ് സഹായിക്കട്ടെ.

❖

ഫിലിപ്പ് ഏബ്രഹാം, കുരുവിള കോവൂർ, സണ്ണി ഏബ്രഹാം, സി.ടി. ദാനിയേൽ, കെ.എസ്. തോമ സുകുട്ടി, എം. കുര്യാക്കോസ്, സജി ജേക്കബ്, കെ.പി. മാത്യു, എം.ജെ. ശമുവേൽ, ടി.എ. വർഗീസ്, ബ്രദർ യേശുദാസ് തുടങ്ങി വിവിധ സഭകളിലും സാമൂഹിക മണ്ഡലങ്ങളിലുംപെട്ട അനേകർ ആശ്വാസ വചനങ്ങളും അനുശോചനവും അറിയിച്ചു.

പാസ്റ്റർ കെ.എ. ഉമ്മൻ ഭവനത്തിലെ ശുശ്രൂഷകൾ നിർവഹിക്കുകയും തുടർന്ന് ചെല്ലക്കാടു ദൈവസഭാ സെമിത്തേരിയിൽ സംസ്ക്കാരം നടത്തുകയും ചെയ്തു.

മക്കൾ/മരുമക്കൾ: വത്സല/കുഞ്ഞുമോൻ പുളിയിലേത്ത്, നിർമ്മല/ജോയി കല്ലൂർ. കൊച്ചുമക്കൾ: മിനി, മനു, മഞ്ജു, നിജോ, നിജു.

**പെണ്ണുക്കര:** കോട്ടുമലയിൽ പരേതനായ സി.ജെ. ജോർജിന്റെ ഭാര്യ കോടുകളഞ്ഞി ദൈവസഭാംഗമായ ഏലിയാമ്മ ജോർജ് (മരണം ജൂൺ 19, സംസ്കാരം ജൂൺ 24). സംസ്കാര ശുശ്രൂഷ ചെങ്ങന്നൂർ ഡിസ്ട്രിക്ട് പാസ്റ്റർ കെ.റ്റി. വർഗീസിന്റെ നേതൃത്വത്തിൽ ദൈവസഭാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവ്വഹിച്ചു.



സഭാ പാസ്റ്റർ ജോൺസൺ മറ്റത്തുകാലാ, പാസ്റ്റർ പി.ജെ. ജയിംസ്, പാസ്റ്റർ ജോസ് ബേബി തുടങ്ങിയ ദൈവദാസന്മാരും, കുടുംബാംഗങ്ങളെ പ്രതിനിധികരിച്ച് ഡോ. മാത്യു ചാക്കോ, പാസ്റ്റർ കെ.വി. സാബു, പാസ്റ്റർ വർഗീസ് ബേബി എന്നിവരും സന്ദേശങ്ങൾ അറിയിച്ചു. മക്കൾ : കുഞ്ഞൂഞ്ഞമ്മ, അമ്മുക്കുട്ടി, കുഞ്ഞുമോൾ, ജോൺ പി. ജോർജ്ജ് (ഡാളസ്), കുരുവിള ജോർജ് (ന്യൂജേഴ്സി), സൂസമ്മ, പൊന്നമ്മ, സാലി (ഇംഗ്ലണ്ട്), ആലീസ് (സൗദി)മരുമക്കൾ: ചെറിയാൻ, മനോഹരൻ, ശാമുവേൽ, ഏലിക്കുട്ടി (ഡാളസ്), സോമി (ന്യൂ ജേഴ്സി), തമ്പി, കുഞ്ഞുമോൻ, സാം (ഇംഗ്ലണ്ട്), സണ്ണി (സൗദി).

**നിലമ്പൂർ (R.S.)** ദൈവസഭയുടെ പ്രാരംഭ പ്രവർത്തകനും സീനിയർ പാസ്റ്ററുമായ പാസ്റ്റർ പി.എം. മാത്യുവിന്റെ സഹധർമ്മിണി സുശീലാ മാത്യു (63) 17-8-2011 ബുധനാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. നിലമ്പൂർ, വാളകം, തൃക്കണ്ണമംഗൽ, എടത്വാ, വാഴൂർ 18-ാം മൈൽ, സ്രാമ്പി, കൊല്ലാട് എന്നീ സഭകളിൽ കർത്തൃദാസനോടൊപ്പം ശുശ്രൂഷയിൽ പ്രയോജനപ്പെട്ടു.



18-8-2011 ന് നിലമ്പൂർ (R.S.) ദൈവസഭയുടെ നേതൃത്വത്തിൽ നിലമ്പൂർ ചന്തക്കുന്നിലുള്ള മോളിക്കുട്ടി മെമ്മോറിയൽ ഹോളിലും സെമിത്തേരിയിലും ആയി നടന്ന സംസ്കാര ശുശ്രൂഷകളിൽ ഡിസ്ട്രിക്റ്റ് പാസ്റ്റർമാരായ പി.പി. പുന്നൂസ്, പി.എം. പോൾ (ബാംഗ്ലൂർ), മാത്യു തോമസ് എന്നിവർ വചനശുശ്രൂഷ നടത്തി. അനേക ദൈവദാസന്മാരും ദൈവമക്കളും ആശ്വാസവചനങ്ങൾ അറിയിച്ചതു കൂടാതെ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെയും അസി. ഓവർസിയർ പി.ജി. മാത്യൂസിന്റെയും ദൈവസഭാ കൗൺസിലിന്റെയും ഓഫീസ് സ്റ്റാഫിന്റെയും അനുശോചനങ്ങളും അറിയിച്ചു. മലബാർ സോണൽ ഡയറക്ടർ പാസ്റ്റർ മാത്യു കെ. ഫിലിപ്പ് പ്രധാന ശുശ്രൂഷകൾ നടത്തി. മക്കൾ: പാസ്റ്റർ പി.എം. മാത്യു (ബാംഗ്ലൂർ), ബീന, ബിനു. മരുമക്കൾ: ഡെയ്സി, മണി, സോണി ഫിലിപ്പ്.

**പത്തനാപുരം:** 2011 മാർച്ച് 5-ാം തീയതിയിലെ അപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന വകയാർ ദൈവസഭാംഗവും പടപ്പയ്ക്കൽ പുത്തൻവീട്ടിൽ ബ്രദർ രാജന്റെ മകനും ആയ റിബൻ തോമസ് (19) ആഗസ്റ്റ് 20 ശനിയാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 22-8-2011 തിങ്കളാഴ്ച നടന്ന സംസ്കാരശുശ്രൂഷയ്ക്ക് ഡിസ്ട്രിക്ട് പാസ്റ്റർ വി.എ. തോമസും സഭാശുശ്രൂഷകൻ പാസ്റ്റർ തോമസ് ജോർജ്ജും നേതൃത്വം നല്കി. പാസ്റ്റേഴ്സ് ജോസ് ബേബി, ഇ.എസ്. വർഗീസ്, പി.ജി. തോമസ് എന്നിവരുൾപ്പെടെ അനേക കർത്തൃദാസന്മാർ ആശ്വാസ വചനങ്ങൾ അറിയിച്ചു. സെമിത്തേരിയിൽ നടന്ന സംസ്കാരശുശ്രൂഷ അസ്സി. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജി. മാത്യൂസ് നിർവ്വഹിച്ചു.

ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്തു വിശേഷാൽ പ്രാർത്ഥിക്കുമല്ലോ.

# ◆ സഭാ വാർത്തകൾ ◆

## പുനലൂർ ഡിസ്ട്രിക്ട്

### ലഹരിവിരുദ്ധ ബോധവൽക്കരണ റാലി

**ഇളമ്പൽ:** സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ദൈവസഭയുടെ ആഭിമുഖ്യത്തിൽ പന്ത്രണ്ടിൽ അധികം സ്ഥലങ്ങളിൽ ലഹരിവിരുദ്ധ റാലി സംഘടിപ്പിച്ചു. കോട്ടവട്ടം ഹൈസ്കൂളിൽ ലഹരിക്കെതിരെ ബോധവൽക്കരണവും ആത്മീകസന്ദേശവും നൽകുകയുണ്ടായി. പുനലൂർ ഡിസ്ട്രിക്ട് പാസ്റ്റർ ഏബ്രഹാം മാത്യൂ, ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ കെ.വി. ജോയിക്കുട്ടി, കോ-ഓർഡിനേറ്റർ പാസ്റ്റർ എ.റ്റി. ജോസഫ്, ചിറ്റാർ ഡിസ്ട്രിക്ട് പാസ്റ്റർ പി.വി. ചെറിയാൻ, പാസ്റ്റേഴ്സ് റ്റി.കെ. ജോസഫ്, മത്തായി വർഗീസ്, പാപ്പച്ചൻ, ജോൺസൺ, ബ്രദർ ജോൺ ബനിയേൽ എന്നിവർ പ്രസംഗിച്ചു. റാഫാ വോയ്സ് ഡയറക്ടർ ബ്രദർ സക്കറിയ ഗാനങ്ങളാലപിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ എ.റ്റി. ജോസഫ്, വൈ.പി.ഇ. സെക്രട്ടറി ജോൺ മാത്യു എന്നിവർ നേതൃത്വം നൽകി.




### സൺഡേ സ്കൂൾ ദിന റാലി

**ഇളമ്പൽ:** ദൈവസഭ സൺഡേ സ്കൂൾ ദിനത്തിൽ വിവിധ ആത്മിക പ്രോഗ്രാമുകൾ ക്രമീകരിച്ചു. അദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്ന് നടത്തിയ പരസ്യയോഗത്തിൽ വിദ്യാർത്ഥികളായ റോഹൻ റോയി, ഷാലോം ഗ്രേസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ എ.ടി. ജോസഫ് സമാപന സന്ദേശം നൽകി. ഹെഡ്മാസ്റ്റർ ബ്രദർ റോയി ജോൺ അദ്ധ്യക്ഷത വഹിച്ചു.



## പുത്തൻകുരിശ് ഡിസ്ട്രിക്ട്

പുത്തൻകുരിശ് ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ 2011 ഓഗസ്റ്റ് 15-ാം തീയതി ലഹരിവിരുദ്ധ സുവിശേഷറാലി നടത്തി. പ്രസ്തുത റാലി




ഡിസ്ട്രിക്ട് പാസ്റ്റർ എം.ഇ. മത്തായി പുത്തൻകുരിശിൽ പ്രാർത്ഥിച്ചു ആരംഭിക്കുകയും തുടർന്ന് വടവുകോട്, പഴംതോട്ടം, കിഴക്കമ്പലം, പട്ടിമറ്റം, കോലഞ്ചേരി, കടമറ്റം, പെരുവൻ മൂഴി, ചൂണ്ടി എന്നീ സ്ഥലങ്ങളിൽ പാസ്റ്റർ മാത്യു ലാസർ പ്രസംഗിക്കുകയും ലഘുലേഖകൾ നൽകുകയും ചെയ്തു. ഡിസ്ട്രിക്റ്റിലുള്ള പാസ്റ്റർമാരും സഭാ വിശ്വാസികളും പങ്കെടുത്തു.

### ഡിസ്ട്രിക്ട് കമ്മറ്റി

11-06-2011 ന് പുത്തൻ കുരിശ് സഭയിൽ ഡിസ്ട്രിക്റ്റ് പാസ്റ്റർ എം.ഇ. മത്തായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡിസ്ട്രിക്ട് ഭാരവാഹികളെ തെരഞ്ഞെടുത്തു.

ബ്രദർ ജയിംസ് പുലിക്കോട്ടിൽ സെക്രട്ടറി, ബ്രദർ തോമസ് ജോർജ്ജ്-ട്രഷറർ, ബ്രദർ തോമസ് ആലക്കൽ കമ്മറ്റി അംഗം, പാസ്റ്റർ ഷിനു മാനുവേൽ-ഗോസ്പൽ ടീം സെക്രട്ടറി, പാസ്റ്റർ ജോർജ്ജ് സാമുവേൽ-സൺണ്ടേസ്കൂൾ സെക്രട്ടറി, സിസ്റ്റർ ഗ്രേസി മത്തായി-എൽ.എം. ഓർഗനൈസർ, പാസ്റ്റർ സജി തോമസ് വൈ.പി.ഇ. ഓർഗനൈസർ.

## മാവേലിക്കര ഡിസ്ട്രിക്ട്

### ശാന്തിദൂത്

മാവേലിക്കര ഡിസ്ട്രിക്ട് ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ 2011 ആഗസ്റ്റ് 15-ാം തീയതി ഡിസ്ട്രിക്ടിന്റെ വിവിധ കേന്ദ്രങ്ങളിലായി ഇരുപതോളം സ്ഥലങ്ങളിൽ മദ്യത്തിനും, മയക്കുമരുന്നിനും എതിരെ ബോധവൽക്കരണം നടത്തുകയും ട്രാക്ടുകൾ നൽകുകയും ചെയ്തു. ഡിസ്ട്രിക്ട് പാസ്റ്റർ ബാബു ഇടിക്കുളയുടെ നേതൃത്വത്തിൽ നടന്ന പ്രോഗ്രാമിൽ പാസ്റ്റർമാരായ സുനിൽ സ്കറിയ, ജോൺസൻ തോമസ്, രാജു കല്ലുമല, ശാമുവേൽ ജോൺ, പാസ്റ്റർ സണ്ണി .പി. ശാമുവേൽ, മാത്യു ലാസർ തുടങ്ങിയവർ പ്രസംഗിച്ചു.

### ലേഡീസ് മീറ്റ്

മാവേലിക്കര ഡിസ്ട്രിക്ട് ലേഡീസ് മിനിസ്ട്രിയുടെ പ്രതിനിധി സമ്മേളനം ആഗസ്റ്റ് 7-ാം തീയതി വഴുവാടി സഭയിൽ വച്ച് ഡിസ്ട്രിക്ട് പാസ്റ്റർ ബാബു ഇടിക്കുളയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഡിസ്ട്രിക്ട് ഓർഗനൈസർ സിസ്റ്റർ ഉഷാ ജോൺ നേതൃത്വം നൽകി. ഈ വർഷത്തെ പ്രോഗ്രാമുകൾ തീരുമാനിച്ചു.

## ഏലപ്പാറ ഡിസ്ട്രിക്ട്

### ഗോസ്പൽ ടീം

ഏലപ്പാറ ഡിസ്ട്രിക്ട് ഗോസ്പൽ ടീം പ്രവർത്തനം 2011 ജൂലൈ 25-ാം തീയതി കുട്ടിക്കാനം ദൈവസഭയിൽ വച്ച് നടന്നു. നിരവധി ഭവനങ്ങൾ സന്ദർശിക്കുകയും ട്രാക്ടുകൾ വിതരണം ചെയ്യുകയും ചെയ്തു. ഡിസ്ട്രിക്ട് പാസ്റ്റർ റെജി കുര്യനും ഗോസ്പൽ ടീം സെക്രട്ടറി പാസ്റ്റർ കെ.എം. വർഗ്ഗീസും നേതൃത്വം നൽകി.

### ഉപവാസ പ്രാർത്ഥന

ഡിസ്ട്രിക്ടിലെ ഉപവാസ പ്രാർത്ഥന 2011 ആഗസ്റ്റ് 5-ാം തീയതി ഹെലിബറിയ ദൈവസഭയിൽ വച്ച് നടന്നു. സെന്ററിലെ ദൈവദാസന്മാരും സഭാപ്രതിനിധികളും പങ്കെടുത്തു.

## ഇടുക്കി ഡിസ്ട്രിക്ട്

### ഗോസ്പൽ ടീം

രാജാക്കാട് ദൈവസഭയിൽ വച്ച് 2011 ജൂൺ 29-ാം തീയതി നടന്ന സുവിശേഷ പ്രവർത്തനത്തിന് ഡിസ്ട്രിക്ട് പാസ്റ്റർ ഷാജി ഇടുക്കിയും ഡിസ്ട്രിക്റ്റ് സെക്രട്ടറി പാസ്റ്റർ ബിനു കെ. ചെറിയാനും ഗോസ്പൽ ടീം സെക്രട്ടറി പാസ്റ്റർ സാജൻ എൻ.റ്റിയും നേതൃത്വം നൽകി. അനേക ഭവനങ്ങൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്തു. ഈ പ്രവർത്തനം മുഖാന്തരം 2 കുടുംബം സമർപ്പിക്കപ്പെടുവാനും 3 പേർ രക്ഷിക്കപ്പെടുവാനും ഇടയായി.

### ഡിസ്ട്രിക്ട് കമ്മറ്റി

ഡിസ്ട്രിക്റ്റിന്റെ മാസയോഗം 2011 ജൂലൈ 9 ശനിയാഴ്ച ചെറുതോണി ദൈവസഭയിൽ പാസ്റ്റർ ഷാജി ഇടുക്കിയുടെ അദ്ധ്യക്ഷതയിൽ നടന്നു. തുടർന്നു നടന്ന ഡിസ്ട്രിക്ട് കമ്മിറ്റിയിൽ 2011-2012 ലേക്കുള്ള പ്രോഗ്രാമുകൾ തീരുമാനിക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഡിസ്ട്രിക്ട് സെക്രട്ടറി-പാസ്റ്റർ ബിനു .കെ. ചെറിയൻ, ഡിസ്ട്രിക്റ്റ് ട്രഷറർ പാസ്റ്റർ പ്രിൻസ് തോമസ് ജോൺ, ഗോസ്പൽ ടീം സെക്രട്ടറി പാസ്റ്റർ സാജൻ എൻ.റ്റി., വൈ.പി.ഇ. സെക്രട്ടറി വർഗീസ് റ്റി. ചാക്കോ, പ്രയർ സെൽ സെക്രട്ടറി പാസ്റ്റർ ഇ.ജെ. ജോൺ എന്നിവരെ തെരഞ്ഞെടുത്തു.